Registered No. M-4485 Madras War Review, Malayalam—15-9-1944

# യുദ്ധസഞ്ചിക

## ജോയിൻറ് വാർ ചാരിററീസ് സ്മാരകം: വിശേഷാൽ പ്രതി

വോള്യം IV] മദിരാശി: 1944 സപ്തെമ്പർ 15-ാംനു, വെള്ളിയാഴ്ച [ലക്കം 2



ആർതർ ഹോപ്പ്



ലേഡി ഹോപ്പ്

## മദിരാശിക്ക് അഭിമാനകരമായ കർമ്മം

നമ്മുടെ സൈന്യങ്ങൾക്ക് വേണ്ട സുഖസൌകര്യങ്ങൾ നൽകുന്ന വിഷയത്തിലാണ് മദിരാശി സംസ്ഥാനം വളരെ മഹത്തായ ഒരു കർമ്മം നിറവേററിയതു്. നമുക്ക് എത്രയും അഭിമാനിക്കത്തക്കതായ ഒരു കർമ്മവുമാണിതു്.

—ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണർ, സേർ ആർതർ ഹോപ്പ്

പലേ വിധത്തിൽ യുദ്ധ ധർമ്മഫണ്ടുകൾ അനേകായിരം ആളുകൾക്ക് സുഖസൌകര്യങ്ങളും വിശ്രമവും നൽകാൻ പര്യാപ്തമായിട്ടുണ്ടു്. - - - - - -

—ബഹുമാനപ്പെട്ട ലേഡി ഹോപ്പ്

## വിഷയവിവരം


| | ഭാഗം |
|---|---|
| മദിരാശിക്കു് അഭിമാനകരമായ കർമ്മം | 1 |
| എവിടെ നോക്കിയാലും മദിരാശിക്കാർതന്നെ | 2 |
| ആഴ്ചക്കുറിപ്പുകൾ | 3–6 |
| പ്രത്യേക ലേഖനങ്ങൾ : പൌരരംഗം | 7 |
| ഇന്ത്യൻ സൈന്യങ്ങൾ നന്ദിപൂർവ്വം സ്വീകരിച്ചു | 8 |
| ഒരമേരിക്കക്കാരൻെറ തുറന്ന അഭിപ്രായം | 9, 10 |
| ബാങ്കററിങ്ങ് ഹാൾ | 11 |
| ജർമ്മൻകാരൻെറ തലവേദന | 12 |
| പട്ടാളക്കാർക്കു സുഖസൌകര്യങ്ങൾ | 13 |
| മുത്തശ്ശിയുടെ മഹാഭാഗ്യം | 14 |
| ചെറുകഥ : പ്രതികാരം | 15 |
| ഐക്യകക്ഷി സൈന്യ ഉദ്യോഗസ്ഥന്മാരുടെ വക്കുകൾ. | 16 |


# എവിടെനോക്കിയാലും മദിരാശിക്കാർതന്നെ

## ജോയിൻറ് വാർ ചാരിററീസ് കമ്മിററിയുടെ മതം

"ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും ഞങ്ങൾക്കു കത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. കമ്മിററിയുടെ ഒരു ഡിപ്പോ ഇവിടെ തുറക്കുമോ എന്നാണു് ഓരോ ദിക്കിൽനിന്നു് വരുന്ന കത്തുകളിലേയും ചോദ്യം. ഈവിധം ഞങ്ങളോടു എഴുതി ചോദിക്കുന്ന സൈന്യ സംഘങ്ങൾ ഒരു പക്ഷെ ഇവിടെ വന്നു് ഞങ്ങളെ നല്ലവണ്ണം അറിഞ്ഞു് മടങ്ങിപ്പോയവരായിരിക്കും; അല്ലെങ്കിൽ അവർ ഇവിടെ വന്നവരെ വല്ലവരേയും കണ്ടിട്ടുള്ളവരായിരിക്കും; അല്ലെങ്കിൽ വല്ല വഴിയായും ഞങ്ങളെപ്പററി അറിഞ്ഞിരിക്കും. ഇവരോടെല്ലാം അനുകൂലമായ മറുപടി പറഞ്ഞാൽ കൊള്ളാമെന്നു് ഞങ്ങൾക്കു മോഹമില്ലായ്കയല്ല; എന്നാൽ അത്രത്തോളം ഞങ്ങടെ ജോലി വിപുലീകരിക്കുമാറുള്ള ആൾസഹായമോ സൌകര്യമോ ഞങ്ങൾക്കില്ലെന്നെ ഉള്ളു. ഇപ്പോൾ ഞങ്ങൾ നടത്തിവരുന്നേടത്തോളം ജോലി നിലനിർത്തിപ്പോരേണമെന്നെ മോഹമുള്ളു; അങ്ങിനെ ഒരതൃത്തി ജോലിക്കു വെക്കാതെ തരമില്ല. "മദ്രാസ് സംസ്ഥാനത്തിലുള്ള ഏതു പട്ടാളക്കാരേയും മദിരാശിക്കാരായവർ എവിടെ ജോലി ചെയ്യുന്നവരായാലും അവരേയും" സഹായിക്കുകയെന്നാണു് ഞങ്ങളുടെ മതം. മദ്രാസ് സംസ്ഥാനത്തിന്നു് പുറമെ ഞങ്ങൾ മദിരാശിക്കാരെമാത്രമെ സഹായിക്കയുള്ളു. അവർ ലോകത്തിലെ നാനാ ഭാഗങ്ങളിൽനിന്നും നാനാവിധത്തിലുള്ള സഹായ സഹകരണങ്ങൾക്കും, ചിലപ്പോൾ ചില അപൂർവ്വ സാധനങ്ങൾക്കുകൂടി, അഭ്യർത്ഥിക്കുന്നുണ്ടു്; അവയെ എല്ലാം ഞങ്ങൾ അയച്ചുകൊടുക്കുന്നതുമുണ്ടു്. ഞങ്ങൾ അയക്കുന്ന പാർസലുകളാണു് അവർക്കു സ്വഗൃഹങ്ങളോടുള്ള ബന്ധം; അതുകൊണ്ടു അവർക്കു വളരെ സന്തോഷവുമുണ്ടു. വളരെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടാണു് അവർ എഴുത്തുകൾ എഴുതാറുള്ളതു്.

# ബ്രിട്ടീഷ്–ജർമ്മൻ യുദ്ധം

## 263-ാമത്തെ ആഴ്ച


## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

## റഷ്യയുടെ പുരോഗതി

ഐക്യകക്ഷിസൈന്യങ്ങൾ ഫ്രാൻസിൽ പുരോഗതി പ്രാപിച്ചുകൊണ്ടു വരുന്നതിനെ വീക്ഷിച്ചുകൊണ്ടുതന്നെയാണു് റഷ്യൻ സൈന്യങ്ങളുടെ പുരോഗതിയും നിർണ്ണയിച്ചുവരുന്നതു്. ജർമ്മനിയുടെ സ്ഥിതിക്കു വളരെ മോശം വന്നതിനെ നല്ലവണ്ണം തൻ കാര്യനിവൃത്തിക്കായി റഷ്യ ഉപയോഗിക്കുന്നുണ്ടു്. ജർമ്മനി യുദ്ധത്തിലും തന്ത്രംകൊണ്ടും കീഴടക്കിയ രാജ്യങ്ങളെ ഓരോന്നോരോന്നായി റഷ്യ സ്വാധീനിച്ചു കഴിഞ്ഞു. ഫിൻലാണ്ടും റഷ്യയും തമ്മിൽ സന്ധിയായി. അതിനാൽ ഫിൻലാണ്ടിൽ താമസിച്ചുവരുന്ന ജർമ്മൻകാരുടെ സ്ഥിതി വളരെ മോശത്തിലായിരിക്കുന്നു. റുമേനിയായിൽനിന്നു് ജർമ്മൻകാരെ ആട്ടിപ്പുറത്താക്കി റുമേനിയ റഷ്യയുടെ അധീനത്തിൽ വന്നപ്പോൾ ബംഗേറിയക്കും സുബോധം വന്നു് റഷ്യയുടെ മൈത്രീഭാവം കൈക്കൊണ്ടിരിക്കുന്നു. ഇപ്പോൾ റഷ്യൻ സൈന്യം ബംഗേറിയായിൽകൂടെ കടന്നു് യൂഗോസ്ലേവിയാ, ഹങ്കേറി, ചെക്കോസ്ലേവേക്കിയാ എന്നീ രാജ്യങ്ങളുടെ നേരെയുള്ളാക്രമണം ആരംഭിച്ചിരിക്കുന്നു. ഇവിടെ ഒരടി, അവിടെയൊരു കുത്തു്, മറേറടത്തു് ഒരു ചവിട്ടു് ഇങ്ങിനെയാണു് റഷ്യൻ സൈന്യം ശത്രുവിൻെറ നേരെ പെരുമാറുന്നതു്. എന്നാൽ ഏററവും ഗൌരവമായിട്ടുള്ള യുദ്ധം ഈസ്റ്റ് പ്രഷ്യയുടെ നേരെയായിരിക്കും. ഈ യുദ്ധത്തിൻെറയും ഒരുക്കങ്ങളെല്ലാം കഴിഞ്ഞപോലെ ഇരിക്കുന്നു. റഷ്യൻ സൈന്യം ഈസ്റ്റ് പ്രഷ്യയിൽ കടക്കുന്നതു് ഐക്യകക്ഷി സൈന്യം ഫ്രാൻസിൽകൂടെ ജർമ്മനിയിലേക്കു് കടക്കുമ്പോളായിരിക്കണം; കാരണം ഐക്യകക്ഷിസൈന്യനേതൃത്വസമിതിയും റഷ്യൻസൈന്യ

## ആഴ്ചക്കുറിപ്പുകൾ

നേതൃത്വസമിതിയും വളരെ സഹകരിച്ചുകൊണ്ടാണു് യുദ്ധം നടത്തുന്നതു്. ലണ്ടനിലെ ജനങ്ങളെപ്പോലെതന്നെ റഷ്യക്കാരും ആപൽകാലത്തെ തരണം ചെയ്വാൻ ധൈര്യംകൊ



അഡ്മിറൽ സേർ ബ്രൂസ് ഫ്രെസർ, ഈസ്റ്റേൺ ഫ്ലീററ് കമാണ്ടർ ഇൻ ചീഫ്


ണ്ടു് സാദ്ധ്യമാവുമെന്നു് പലേ പ്രാവശ്യവും തെളിയിച്ചിട്ടുണ്ടു്. എന്നാൽ റഷ്യക്കു് പററിയ നാശനഷ്ടങ്ങളും ചില്ലറയല്ല. അയ്മ്പതു ലക്ഷത്തിലധികം യോദ്ധാക്കൾ റഷ്യക്കാർക്കു് നശിച്ചു; വെടികൊണ്ടു ചത്തിട്ടും, യുദ്ധത്തടവുകാരായും, കാണ്മാനില്ലാതായും, മററു തരത്തിലുമാണു് ഈ നഷ്ടം. നാല്പത്തൊമ്പതിനായിരത്തോളം ടാങ്കുകളും, മുപ്പതിനായിരത്തോളം വിമാനങ്ങളും, നാല്പത്തെണ്ണായിരത്തോളം തോക്കുകളും റഷ്യക്കു നശിച്ചിട്ടുണ്ടു്. ഇതു് മാത്രമോ? ഏററവും ഫലവത്തായതും, സസ്യസമൃദ്ധമായതുമായ നാട്ടുപുറങ്ങളും വയലുകളും, പട്ടണപ്രദേശങ്ങളും നശിച്ചു് ലക്ഷോപലക്ഷം ജനങ്ങൾ അനാഥരായി തീർന്നതിന്നൊരു കയ്യുംകണക്കുമില്ല. എന്നാൽ ഇതുകൊണ്ടൊന്നും റഷ്യക്കു് ഒരു കോട്ടം തട്ടിയില്ല; കെല്പിന്നു കുറവും വന്നില്ല. തൻെറ ജന്മഭൂമിയിൽ അനാവശ്യമായി കടന്നുവന്ന ശത്രുവിനെ ഒരു പാഠം പഠിപ്പിക്കുകയും ചെയ്തു. എഴുപത്തഞ്ചു ലക്ഷത്തോളം ജർമ്മൻ സൈന്യം നശിച്ചു; എഴുപതിനായിരത്തോളം ജർമ്മൻ ടാങ്കുകൾ നശിച്ചു; അറുപതിനായിരം വിമാനങ്ങളും, തൊണ്ണൂറായിരം തോക്കുകളും റഷ്യയുടെ കൈകൊണ്ടു് ജർമ്മൻകാർക്കു് നഷ്ടം വരികയും ചെയ്തു.


## ഹംഗേറി

ഐക്യകക്ഷി സൈന്യങ്ങൾ യൂഗോസ്ലേവിയായിൽ ഡാൽമേഷ്യ എന്ന കടലോരത്തിൽ ഇറങ്ങിക്കഴിഞ്ഞു. അധികം താമസിയാതെ ഈ സൈന്യങ്ങളും റഷ്യൻ സൈന്യങ്ങളുംകൂടി തമ്മിൽ യോജിച്ചു് ഹംഗേറിയുടെ തലസ്ഥാനനഗരിയായ ബെൽഗ്രേഡിൽ എത്തുന്നതാണു്. ഡാന്യൂബ് നദീതീരത്തു് സ്ഥിതിചെയ്യുന്ന ഈ നഗരിയിൽ എത്തിക്കഴിഞ്ഞാൽ ഹംഗേറിയുടെ മൈതാനപ്രദേശങ്ങളിൽ വെച്ചുള്ള യുദ്ധത്തിലാണു് ഐക്യകക്ഷി സൈന്യങ്ങൾ റഷ്യൻ സൈന്യങ്ങളോടുചേർന്നു ജർമ്മനിക്കുള്ള ഓളം അടിക്കുകയെന്നു് സംശയിപ്പാനില്ല. ഇന്നു് ഇന്ത്യയിലെ വൈസറോയിയായ വേവൽപ്രഭുവും ഇങ്ങിനെയുള്ള അഭിപ്രായമാണു് യുദ്ധം തുടങ്ങിയ കാലത്തു് പറഞ്ഞിട്ടുള്ളതു്. മറെറാരു റഷ്യൻ സൈന്യം ബംഗേറിയായുടെ തെക്കെ അതിർത്തിപ്രദേശത്തു് എത്തിക്കഴിഞ്ഞിരിക്കുന്നു. ഇ

വിടെനിന്നു് ഗ്രീസിലേക്കുകടന്ന അവർ അവിടെ കിടപ്പുള്ള ജർമ്മൻസൈന്യത്തെ ഒട്ടാകെ നശിപ്പിച്ചുവെന്നു് വന്നേക്കാം. ബാൾക്കൻപ്രദേശം ജർമ്മനിയുടെ മർമ്മപ്രദേശമാണു്. ഈ വഴിക്കാണു് ജർമ്മൻ സൈന്യത്തെ ഇന്ത്യയിലേക്കു കൊണ്ടുവരുവാൻ ഒരുകാലത്തു് ഹിററ്ലർ പ്ലാൻ ഇട്ടതു്. ഇന്നു ഈ വഴിക്കുതന്നേയാണു് ഹിററ്ലർക്കുള്ള വലിയ ആപത്തും വരുവാനിരിക്കുന്നതു്. ഇതെല്ലാം നിയതിയുടെ ഗതിയാണു്; ആർക്കും തടുപ്പാൻ സാധിക്കുന്നതല്ല. നാഴികമണിയുടെ നാക്കു് അങ്ങോട്ടും ഇങ്ങോട്ടും ആടുന്നപോലെതന്നെയാണു് മനുഷ്യൻെറ കർമ്മശക്തിയും ആടുന്നതു്. അതിനാൽ ഹംഗേറിയുടെ മോചനത്തോടുകൂടി യുദ്ധത്തിൻെറ അവസാനവും കൂടി വന്നുചേർന്നേക്കാം. ഹംഗേറിക്കു് മോചിപ്പാൻ വിശേഷിച്ചു് യാതൊന്നുമില്ല. അദ്ധ്വാനശീലന്മാരായ ഹംഗേറിയൻ കർഷകന്മാർക്കു് നാസിക്കക്ഷിക്കാരുടെ ചങ്ങല പൊട്ടിച്ചുകളയുക മാത്രമെ വേണ്ടു. എന്നാൽ ഹംഗേറിയുടെ മോചനമായി.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




### ഇററലി

ഇററാലിയൻ രംഗത്തിൽനിന്നു് മൂന്നു പ്രധാന സംഭവങ്ങളെപ്പററിയാണു് ഈയാഴ്ച കേൾക്കുന്നതു്. ഗോത്തിക്ക്ലൈൻ എന്ന പേരിലുള്ള ജർമ്മൻ സൈന്യനിര ഐക്യകക്ഷിസൈന്യങ്ങളുടെ ആക്രമണശക്തികൊണ്ടു് പാടെ പൊളിഞ്ഞു് വീഴാറായിരിക്കുന്നു. ഈ ലയിനിൻെറ പടിഞ്ഞാറൻ ഖണ്ഡത്തിൽ ഫ്ളോറൻസിന്നു വടക്കായി ജർമ്മൻ സൈന്യത്തെ അപ്പിനൈൻ മലകളിലേക്കു് പിന്നോക്കം തള്ളിയിരിക്കുന്നു. അഡ്രിയാററിക്കു് കടലോരത്തിൽ റിമിനി നഗരിക്കുവേണ്ടി ഐക്യകക്ഷി സൈന്യങ്ങൾ ചെയ്യുന്ന യുദ്ധം അതിഭയങ്കരമായിട്ടുണ്ടു്. ഐക്യകക്ഷികളുടെ കടൽപട അഡ്രിയാട്ടിക്കു് കടലിൽ ഹാജരുള്ളതിനാൽ ഈ പടയുടെ വെടികൊണ്ടു് ജർമ്മൻ സൈന്യം അതിവേഗത്തിൽ പിൻമാറാനും ഇടയുണ്ടു്. എന്നാൽ പിൻമാറുകയാണെങ്കിലും നിന്നേടത്തുതന്നെനിന്നു യുദ്ധം ചെയ്യുകയാണെങ്കിലും ജർമ്മൻ സൈന്യത്തിന്നു യുദ്ധക്കോപ്പുകൾ കിട്ടുവാൻ വളരെ പ്രയാസമായിരിക്കുന്നു. ഐക്യകക്ഷി വിമാനസൈന്യം അത്രത്തോളം ശത്രുക്കളുടെ ഗതാഗതത്തിന്നു നാശം വരുത്തീട്ടുണ്ടു്. ഇതിന്നെല്ലാം പുറമെ ഇററലിയിലെ ദേശീയസേവസൈന്യം ബ്രെംനർപാസ്സ് കയ്യലാക്കിയിരിക്കുന്നുവത്രെ. ഇങ്ങിനെയാണെങ്കിൽ ജർമ്മനിയിൽനിന്നു് യാതൊന്നും ഇററലിയിൽ വന്നെത്തുവാൻ നിവൃത്തിയില്ല.

### ജാപ്പാൻ

തൻെറ കർമ്മശക്തിയാൽ തനിക്കർഹത സിദ്ധിച്ച ശിക്ഷയെന്തായിരിക്കുമെന്നു് ജാപ്പാൻകാർ നല്ലവണ്ണം അറിയുന്ന ഘട്ടമായിരിക്കുന്നു. താൻ ലോകത്തെ വഞ്ചിച്ചും ചതിച്ചും കരസ്ഥമാക്കിയ സാമ്രാജ്യത്തിന്നു് ആട്ടം തുടങ്ങിയിരിക്കുന്നുവെന്നും ജാപ്പാന്നു് നല്ലവണ്ണം അറിഞ്ഞുതുടങ്ങീട്ടുണ്ടു്. ജാപ്പാൻെറ നേരെയുള്ളാക്രമണത്തിൻെറ പ്രാരംഭപ്രവർത്തനങ്ങൾ മുറക്കു നടന്നുവരുന്നു. ബർമ്മയിൽനിന്നു് ശത്രുക്കളുടെ യാതൊരു പ്രവർത്തനവും കാണുന്നില്ലെന്നുമാത്രമല്ല, വടക്കൻ ബർമ്മയിൽനിന്നു് അവർ ആരംഭിച്ച പിൻമാററം ഇനിയും നിലച്ചിട്ടില്ല. ശാന്തസമുദ്രരംഗത്തിൽ പെലോ ദ്വീപിനെ ഐക്യകക്ഷി വിമാനസൈന്യം തവിടുപൊടിയാക്കിയിരിക്കുന്നു. ഫിലിപ്പൈൻ ദ്വീപുകളുടെ നേരെയുള്ളാക്രമണത്തിൻെറ പ്രാരംഭങ്ങളും മുറക്കു് നടക്കുന്നുണ്ടു്. മഞ്ചൂറിയായിൽ മുക്ക്ഡൺ പട്ടണത്തിലുംകൂടി ഐക്യകക്ഷികളുടെ വിമാനസൈന്യം ചെന്നു് ബോമ്പുവർഷം ചെയ്യുന്നു. ഇപ്പോൾ ക്യുബെക്കിൽ മി. ചർച്ചിലും പ്രസിഡെണ്ടു് റൂസ്‌വെൽട്ടുംകൂടി നടത്തുന്ന കൂടിയാലോചന കഴിഞ്ഞാൽ ജാപ്പാൻ അർഹതപ്പെട്ട ശിക്ഷ ഏതു വിധത്തിലുള്ളതാണെന്നറിയാം.


### സെപ്തെമ്പർ 17

സെപ്തെമ്പർ 17-ാം തിയ്യതി ഇംഗ്ലണ്ടിൻെറ ചരിത്രത്തിൽ ഒരു വിശേഷ ദിവസമാണു്. ജർമ്മൻ വിമാനസൈന്യം ഇംഗ്ലണ്ടിൻെറനേരെ നടത്തിയ വിമാനാക്രമണം നാലു കൊല്ലം മുമ്പു് കഴിഞ്ഞുപോയെങ്കിലും ഇതിൻെറ ഒരു സ്മാരകമായി ഇംഗ്ലീഷുകാർ കൊണ്ടാടുന്നതു് സെപ്തെമ്പർ 17-ാം തിയ്യതിയാണു്. അന്നെത്തെ ആക്രമണത്തിൽനിന്നു് ബ്രിട്ടനെ രക്ഷിച്ച അല്പം ചില ബ്രിട്ടീഷു യുവാക്കളായ വൈമാനികന്മാരെ ആചന്ദ്രതാരം മറക്കാവുന്നതല്ല. ലോകചരിത്രത്തിൽ ഇത്ര ചുരുക്കം യുവാക്കന്മാരുടെ ജീവനെ ബലികഴിച്ചു് ഇത്രയധികം ആളുകളുടെയും ഒരു രാഷ്ട്രത്തിൻെറയും ജീവനും മാനവും രക്ഷിച്ച മറെറാരു സംഭവം ഉണ്ടായിട്ടില്ലെന്നു് മി. ചർച്ചിൽ ഒരു ഘട്ടത്തിൽ പറഞ്ഞതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്.


### ക്യുബെക്ക് സമ്മേളനം

മി. ചർച്ചിലും പ്രസിഡെണ്ടു് റൂസ്‌വെൽട്ടും തമ്മിൽ ഒരു കൂടിക്കാഴ്ച കഴിഞ്ഞാൽ ഉടനെ യുദ്ധത്തിൽ ഒരു പ്രത്യേകിച്ച വിജയാഘോഷത്തിന്നു വഴിയുണ്ടാകുമെന്നാണു് ഇതെവരെ നമുക്കുണ്ടായിട്ടുള്ള അനുഭവം. ഇപ്പോൾ ഈ രണ്ടു് പൌരശക്തി നേതാക്കന്മാരും ക്യുബെക്കിൽവെച്ചു് കൂടിക്കാഴ്ച തുടങ്ങിയിരിക്കുന്നുവെന്നു് കാണുമ്പോൾ അടുത്തു് ഒരു വിജയാഘോഷത്തിന്നുള്ള സന്ദർഭമാകുമെന്നു് തോന്നുന്നു. ജർമ്മനിയുടെ നേരെയുള്ള വിജയത്തിന്നു് ഇനി കൂടിക്കാഴ്ചയൊന്നും വേണ്ടതില്ല; ഇന്നെത്തെ കൂടിക്കാഴ്ചയും സമ്മേളനവും ജാപ്പാൻെറ നേരെയുള്ള പടപ്പുറപ്പാടിൻെറ നാന്ദിയാണെന്നു് തീർച്ച പറയാം. എന്നാൽ ഇതിലേക്കു് സ്റ്റാലിനെയും ക്ഷണിച്ചുവെന്നു കേട്ടതിനാൽ ജാപ്പാൻെറ നേരെയുള്ള യുദ്ധം മാത്രമല്ല ആലോചനക്കുള്ളതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. യുദ്ധാനന്തരമുണ്ടാ


# ബർമ്മാരംഗം




വൈസറോയി ഇംഫാലിൽചെന്ന് പിടിച്ചടക്കിയ ജപ്പാൻ തോക്കുകൾ പരിശോധിക്കുന്നു



മദിരാശിക്കാർ ഒരു പാലം പണിയുന്നു



മഴയിലും ചളിയിലുംകൂടി നമ്മുടെ സൈന്യങ്ങൾ യുദ്ധം ചെയ്യുന്നു



വൈസറോയി ഐ. എ. എഫ്. ആപ്പീസ്സർമാരോടു സംസാരിക്കുന്നു

കുന്ന പുതിയ സുദൃഢമായ സംഘടനയേയും, സംരക്ഷണോപാധികളേയും പററി ചിന്തിച്ച് ഒരുകൂട്ടം വിദഗ്ദ്ധസംഘം അവയുടെ കാര്യപരിപാടികൾ തയ്യാറാക്കിവരികയാണല്ലോ. ഈ വിഷയവും ക്യുബെക്ക് സമ്മേളനത്തിൽ ആലോചനാവിഷയമായിട്ടില്ലെന്നില്ല. മോചനം വന്നുചേരുന്ന യൂറോപ്യൻ രാജ്യങ്ങളുടെ ഭാവി മറെറാരു വിഷയമായിരിക്കാം. ഏതായാലും ലോകകാര്യങ്ങളോടൊന്നാകെ പൌരശക്തിനേതൃത്വ രാജ്യങ്ങളായ ബ്രിട്ടനും അമേരിക്കയും കൂടിയാലോചിച്ച് തീർച്ചയാക്കിക്കൊണ്ടുള്ള നയം ഭാവിയിൽ ലോകസംരക്ഷണത്തിനൊരുത്തമമാർഗ്ഗമായി ഭവിക്കട്ടെ.

## ജർമ്മൻ ചപ്പടാച്ചി

നോർമാണ്ടി കടൽതീരത്തു് ഐക്യകക്ഷി സൈന്യങ്ങൾ ഇറങ്ങീട്ടു മൂന്നു മാസമെ ആയിട്ടുള്ളൂ. ഇന്നു് ഈ സൈന്യങ്ങൾ ജർമ്മനിയുടെ അതൃത്തിയിൽ എത്തിക്കഴിഞ്ഞതു് എന്നുമാത്രമല്ല, ഒരു ചെറിയ സൈന്യം ഉള്ളിലേക്കു് അഞ്ചു നാഴികയോളം കടന്നു് യുദ്ധം നടത്തുകയും ചെയ്യുന്നു. ജർമ്മൻകാരുടെ ചപ്പടാച്ചിയെല്ലാം ഇതുകൊണ്ടു് വെളിവായിക്കഴിഞ്ഞു. അവരുടെ അത്‌ലാന്റിക്ക് കോട്ടമതിൽ പൊളിക്കുവാൻ സാധിക്കയില്ലെന്നു് പറഞ്ഞിരുന്നതു് പൊളിച്ചു് കിറിക്കളഞ്ഞു. ജർമ്മൻ സൈന്യനിര പൊളികയില്ലെന്നു് പറഞ്ഞിരുന്നതും പൊളിഞ്ഞുതട്ടിമറിഞ്ഞു. അവരുടെ വിമാനസൈന്യമായിരുന്നു മറെറാരു വമ്പു്. അതിന്റെയും കഥ അങ്ങിനെതന്നെ. നാലാമതായിരുന്നു യൂബോട്ടുകളെക്കുറിച്ചു് അവക്കുണ്ടായിരുന്ന ദുരഭിമാനം. അവ ഓടിയവഴിക്കു പുല്ലു് മുളച്ചിട്ടുതന്നെയില്ല. മൂന്നു കാര്യങ്ങളെക്കൊണ്ടാണു് ശത്രുക്കളുടെ മേല്പറഞ്ഞ ഊക്കെല്ലാം നിലപ്പിച്ചതു്. ഒന്നാമതു് ഐക്യകക്ഷികളുടെ സൈന്യശക്തിതന്നെ; രണ്ടാമതു് സൈന്യത്തിന്റെ കെല്പും കരുത്തും; മൂന്നാമതു് ഐക്യകക്ഷികൾ ആചരിച്ച യുദ്ധതന്ത്രം.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 സപ്തംബർ 15-ാംനു, വെള്ളിയാഴ്ച


## പൌരരംഗം

അവരെക്കൊണ്ടും നമുക്ക് ഉപയോഗമുണ്ട്; അവരും സമുദായസേവനം ചെയ്യുന്നവരാണ്. പക്ഷെ അതാരറിഞ്ഞു? കടൽപട, കരപ്പട, വിമാനപ്പട, ഇവയെല്ലാം പീരങ്കി പ്രയോഗിച്ചും ബോംബിട്ടും, ആരും അവരെ അറിയാൻ ഭാവമില്ലെങ്കിൽകൂടി, അറിയിപ്പിച്ചെ ഇരിക്കു. എന്നാൽ ധർമ്മബുദ്ധിയോടുകൂടി സൈന്യസേവനം ചെയ്യുന്നവരേയൊ, അങ്ങിനെ ചെയ്യുന്ന സംഘടനകളേയൊ അത്രവേഗത്തിൽ അറിവാൻ സാദ്ധ്യമല്ല. എങ്കിലും അവർ ചെയ്യുന്ന സേവനത്തിന്റെ യോഗ്യതക്ക് തുല്യമായി മറ്റൊന്നുമില്ല; അവരുടെ നിസ്തുല്യമായ ജീവകാരുണ്യമാണ് പടപൊരുതി വിശ്രമത്തിന്നു വരുന്ന പടയാളിയെ ആഹ്ലാദിപ്പിക്കുന്നത്. ഈ സംഗതി നാം മറക്കരുത്. ആർ മറന്നാലും ഞങ്ങൾക്ക് മറക്കുവാൻ നിവൃത്തിയില്ല. അതിനാൽ കഴിഞ്ഞുപോയ കാലങ്ങളിൽ ഞങ്ങൾ പലേ വിശേഷാൽപ്രതികളും സൈന്യവിഭാഗങ്ങളെക്കുറിച്ച് പ്രസിദ്ധംചെയ്തപോലെത്തന്നെ ഈയവസരത്തിൽ ഞങ്ങളുടെ വിശേഷാൽപ്രതി യുദ്ധസംബന്ധമായ പലേ ധർമ്മസ്ഥാപനങ്ങളെക്കുറിച്ചുമാണ്. നിശ്ശബ്ദമായും, അലങ്കാരശൂന്യമായും ചെയ്തുവരുന്ന ഇവരുടെ മാതൃകാസേവനത്തിന്ന് മറ്റെന്തൊന്നാണ് ഈയുള്ളവർക്ക് ചെയ്വാൻ സാധിക്കുന്നത്? എന്നാൽ ഇത്തവണ സാധാരണയിൽ കുറച്ചു നേരത്തെയാണ് ഞങ്ങളുടെ വിശേഷാൽപ്രതി പുറത്തേക്കിറങ്ങുന്നതെന്നു ഞങ്ങൾക്കറിയാം. ഇതിന്നു കാരണം മറ്റൊന്നുമല്ല; ഇതേവരെ ഈ യുദ്ധ ധർമ്മസ്ഥാപനങ്ങൾ ചെയ്ത നിസ്വാർത്ഥ സേവനത്തെക്കുറിച്ച് യാതൊന്നും പ്രതിപാദിക്കാതിരുന്ന തെറ്റിന്ന് പ്രതിവിധിയായി വിശേഷാൽപ്രതിക്കൊരു "വിശേഷണം" നൽകേണമെന്നുവെച്ച് മാത്രമാണ്.

മദിരാശി ഗവർണ്ണരുടെ മന്ദിരത്തിലുള്ള അതിഥിസൽക്കാരശാലയിലും പുറത്തും അഹോരാത്രം ജോലി നടത്തിവരുന്ന സൈന്യസേവന സംഘക്കാരെ ഒന്നു കണ്ടാൽ മാത്രമെ അവർ ചെയ്യുന്ന കർമ്മത്തിന്റെ ബഹുമാന്യതയും ബഹുലതയും അറിവാൻ സാധിക്കു. ഉഷ്ണാധിക്യംകൊണ്ട് വാടിവലയുന്ന മനുഷ്യസമുദായത്തിന്നിടയിൽകൂടി മണ്ടിപ്പായുന്ന മോട്ടോർവാഹനങ്ങളാണ് ഇവരുടെ കർമ്മത്തിന്നുള്ള രംഗം. ഉഷ്ണത്തിന്റെ ശക്തികൊണ്ട് ചുട്ടുപഴുത്തു കിടക്കുന്ന ഈ വാഹനങ്ങളിൽ ജോലിചെയ്യുന്നതുതന്നെ നരകതുല്യമാണ്. ഇങ്ങിനെയുള്ള നരകദുഃഖം അനുഭവിച്ചുകൊണ്ട് തങ്ങളുടെ വാഹനങ്ങളിൽ കുതിച്ചുപോകുന്ന ഈ സൈന്യസേവകന്മാർ എങ്ങോട്ടാണ് പോകുന്നത്? അവരുടെ വാഹനങ്ങളിൽ എന്താണ്? പോർക്കളത്തിൽനിന്ന് കുറെ പട്ടാളക്കാർ വിശ്രമാർത്ഥം തീവണ്ടിയിൽവന്ന് ഏതൊ സ്റ്റേഷനിൽ ഇറങ്ങുന്നു; യാത്രകൊണ്ടു ക്ഷീണിച്ചു വലഞ്ഞ ഇവർക്ക് വിശപ്പും ദാഹവും തീർപ്പാനുള്ള മാർഗ്ഗമെന്ത്? ജോയിൻറ് വാർചാരിററിക്കാരുടെ മോട്ടോർവാഹനങ്ങൾ അവിടെ വന്നെത്തുന്നു; അവിടെ ഇറങ്ങുന്ന പട്ടാളത്തിന്നു ചായയും പലഹാരവും ഈ മോട്ടോർവാഹനങ്ങളിലുണ്ട്. ദാഹിച്ചു വലഞ്ഞു വരുന്ന പട്ടാളക്കാർ എന്തിനാണ് ചായ കഴിക്കുന്നത്! ഈ മോട്ടോർവാഹനങ്ങൾ കണ്ടാൽ പോരെ; കാണുന്ന മാത്രയിൽതന്നെ അവരുടെ ദാഹവും വിശപ്പും തീർന്നു പോകുന്നു.

"വിധുരാവിരഭൂൽ പുരോഭുവി,
ദ്രുപദേന്ദ്രാത്മഭവാചകോരികാം;
സ്മിതചന്ദ്രികയാ പ്രഹർഷയൻ,
ചലദക്ക് ചഞ്ചുപുടാം തമോപഹാ."

എന്നു പറഞ്ഞപോലെയാണ് ജോയിൻറ്വാർചാരിററിക്കാരുടെ മോട്ടോർവാഹനങ്ങൾ കാണുന്ന പട്ടാളക്കാരുടെ മനസ്ഥിതി. എന്നാൽ ഇങ്ങിനെ വണ്ടികളിൽ അപ്പപ്പോൾ അവിടവിടെയായി വന്നിറങ്ങുന്നവർക്ക് മാത്രമല്ലാ ചായസൽക്കാരം ഇവർ ചെയ്യുന്നുള്ളു. വിശ്രമാർത്ഥം കുറച്ചുകാലം ഒരിടത്തു താമസിക്കുന്നവർക്കും ഇവർ പലപ്പോഴും സൽക്കാരങ്ങൾ ചെയ്യുന്നുണ്ട്. സൽക്കാരങ്ങൾമാത്രമല്ല, വിനോദത്തിന്നും, വിജ്ഞാനത്തിന്നും വിശ്രമത്തിന്നും ഉതകുന്ന പലേ കാര്യങ്ങളും ഇവർ നിർവ്വഹിക്കുന്നു. ജോയിൻറ് വാർ ചാരിററീസ് കമ്മിററിയെപ്പോലെത്തന്നെ മററു സംഘങ്ങളും ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്; അവയാണ് ടോക്എച്, വൈ. യം. സി. എ. സാൽവേഷൻ ആർമി, ഗവർണ്ണേർസ് സോൾജേർസ് ക്ലബ്ബ്, സെയിൻറ് ജോൺസ്

(ശേഷം 8-ാം പേജിൽ)

# ഇന്ത്യൻ സൈന്യങ്ങൾ നന്ദിപൂർവ്വം സ്വീകരിച്ചു

## ജോയിൻറ് വാർ ചാരിററീസ് കമിററിക്ക് കിട്ടിയ അനേകായിരം കത്തുകളിൽനിന്ന്

### ഇന്ത്യൻ എഞ്ചിനീയർമാരുടെ ഒരു കമ്പനിയിൽനിന്ന്

"കഴിഞ്ഞാഴ്ച ഞങ്ങൾക്കു എത്തിച്ചേർന്നതായ വിനോദ ഉപകരണങ്ങളും, തെക്കെ ഇന്ത്യക്കാർക്കു പററിയ സാഹിത്യ പുസ്തകങ്ങളും കിട്ടിയതിൽ വളരെ സന്തോഷിക്കുന്നു. സൈന്യത്തിൻെറ നാനാ വിഭാഗങ്ങൾക്കും നിങ്ങളുടെ മനസ്സഴിഞ്ഞ സംഭാവന എത്രയോ വിലയേറിയതായി തോന്നുന്നുണ്ട്. മദിരാശി പട്ടാളക്കാർക്ക് പ്രത്യേകമായി എന്തോ മദിരാശിക്കാർ ചെയ്യുപോലെയും തോന്നുന്നുണ്ട്."

### ഒരു ഇന്ത്യൻ എ. ഡബ്ള്യൂ. കമ്പനിയിൽനിന്ന്

"മദിരാശി പട്ടാളക്കാർക്കായി രണ്ടു പെട്ടികൾ നിറയെ സംഗീത യന്ത്രങ്ങളും മാതൃഭാഷാ പുസ്തകങ്ങളും ഇന്നു ഇവിടെ കിട്ടിയിരിക്കുന്നു. മദിരാശി പട്ടാളക്കാരുടെ സുഖസൌകര്യത്തിന്നായി നിങ്ങളുടെ കമിററി പ്രദർശിപ്പിക്കുന്ന ഔത്സുക്യത്തിൽ ഞങ്ങൾക്കുള്ള കൃതജ്ഞത ഞങ്ങൾ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ."

### മദ്രാസ് റെജിമെൻറിൻെറ മറെറാരു സംഘത്തിൽനിന്ന്

"മത്സ്യം പിടിക്കുന്ന വലകൾ നിങ്ങൾ അയച്ചുതന്നതിന്ന് അത്യന്തം നന്ദി പറഞ്ഞുകൊള്ളുന്നു. ഇതുതന്നെയാണ് ഈ പ്രദേശത്തേക്കു വേണ്ട സാധനം. ഞങ്ങളോടു നിങ്ങൾ കാട്ടുന്ന കാരുണ്യം മറക്കാവതല്ല."

### റോയൽ ഇന്ത്യൻ നേവിയുടെ ഒരു കപ്പലിൽനിന്ന്

"മദാസ് ജോയിൻറ് വാർ ചാരററീസ് കമിററിയുടെ ദയാപുരസ്സരമായ സംഭാവനക്കു ഈ കപ്പലിൽ പ്രവൃത്തി ചെയ്യുന്നവർ ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. നിങ്ങളുടെ കത്തിൽ പ്രസ്താവിച്ച സർവ്വ സാധനങ്ങളും പട്ടാളക്കാർക്കു വളരെ സുഖസൌകര്യങ്ങൾ നല്കീട്ടുണ്ട്."

### എ. ജി. യുടെ ബ്രാഞ്ചിൽനിന്ന് ജി. എ. ഒ. ഇന്ത്യക്കു

"മദിരാശിക്കാരായ സാപ്പേർസിന്നും മൈനേർസിന്നും വേണ്ടി നിങ്ങൾ അയച്ച തമിഴ്, തെലുങ്കു, മലയാള പുസ്തകങ്ങൾ നന്ദിപൂർവ്വം ഇവിടെ കൈപ്പററിയിരിക്കുന്നു."

### ഒരു ആക്സിലറി പയേണിയർ സംഘത്തിൽനിന്ന്

"നിങ്ങൾ അവിടെനിന്നയച്ച മധുരപലഹാരങ്ങൾ ഇവിടെയുള്ള പട്ടാളക്കാരുടെ വൈകുന്നേരത്തെ ഊണിന്നു വിളമ്പി. ഈവക പലഹാരങ്ങൾ ഇവിടെ കിട്ടാത്തതുകൊണ്ട് അവർക്കു വളരെ സന്തോഷമായി."

### ഒരു ഇന്ത്യൻ എ. എ. റെജിമെൻറിലെ ജമേദാരുടെ പക്കൽനിന്ന്

"നിങ്ങളുടെ സ്ഥിരമായ കരുണാകടാക്ഷം ഞങ്ങളിൽ പതിഞ്ഞു കാണുന്നതിൽ ഞങ്ങൾ നിങ്ങളോടു എത്രകണ്ട് നന്ദിയുള്ളവരാണെന്നറിയാമോ? നിങ്ങളുടെ പക്കൽനിന്ന് ഓരോ ഘട്ടങ്ങളിൽ ഞങ്ങൾക്കു ലഭിക്കുന്ന സുഖസൌകര്യങ്ങളെക്കുറിച്ച് ഞങ്ങൾക്കുള്ള സന്തോഷവും അഭിമാനവും അളവററതാണ്. നിങ്ങൾ അയച്ചുതരുന്ന സാധനങ്ങളെല്ലാം ഒന്നാന്തരം തന്നെയാകുന്നു. നിങ്ങളുടെ ഉപകാരത്തെപററി എന്തൊരു സ്മരണയാണ് നമ്മുടെ കുട്ടികൾക്കുള്ളതെന്നറിയാമോ? വിശേഷിച്ചും മാതൃഭാഷാ പുസ്തകങ്ങൾ നിങ്ങൾ അയച്ചുതരുന്നവയെല്ലാം വിനോദകരവും വിജ്ഞാനപ്രദങ്ങളുമാണ്. പുസ്തകങ്ങൾ വായിച്ച്, കുട്ടികൾക്കു ഉശിരും ചുണയും മനക്കരുത്തും വർദ്ധിക്കുന്നു. ഒരു ദിവസത്തെ ജോലി കഴിഞ്ഞുള്ള സമയങ്ങളിൽ അവർക്കു മനസ്സിന്നാനന്ദവും അവ നൽകുന്നുണ്ട്. ഞാൻ എഴുതുന്നതിൽ എത്രയോ അധികമാണ് ഞങ്ങളുടെ ആശയങ്ങളെന്ന് നിങ്ങൾ ധരിക്കണം. നിങ്ങൾ ചെയ്തുതരുന്ന ഉപകാരങ്ങൾ തുടർന്നുപോരികയാണെങ്കിൽ ദുർഗ്ഗമാർഗ്ഗങ്ങളിൽക്കൂടിയുള്ള ഞങ്ങളുടെ സഞ്ചാരം തീർച്ചയായും പുഷ്പാസ്തരണതുല്യങ്ങളായിട്ടേ ഞങ്ങൾക്കു തോന്നുകയുള്ളൂ. നിങ്ങളുടെ ധർമ്മബുദ്ധിക്ക് ഹൃദയപൂർവ്വമായ നന്ദിയും നിങ്ങൾക്കു സർവ്വ മംഗളാശംസയും ഇവിടെ രേഖപ്പെടുത്തട്ടെ."

---

(7-ാം പേജിൽനിന്നു തുടർച്ച)

ആംബുലൻസ് ബ്രിഗേഡ്, റെഡ്ക്രോസ് മുതലായവ. ഇവരെല്ലാവരും പോർക്കളത്തിലെ നംഗത്തിൻെറ നിലനില്പിന്ന് വേണ്ട സർവ്വ കർമ്മങ്ങളും ചെയ്തു പൌരരംഗം നിലനിർത്തിപോരികയാണ്.

ഇനി ഈ വിഷയത്തെക്കുറിച്ച് ഒരു സംഗതികൂടി അറിയേണ്ടതുണ്ട്. അതും അനവധി ആളുകൾ അറിഞ്ഞിരിക്കയില്ല. മദിരാശി സംസ്ഥാനത്തിലെ ജനങ്ങളുടെ ധർമ്മബുദ്ധികൊണ്ട് മൂന്നേകാൽ കോടി ഉറുപ്പിക പിരിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സംഖ്യ വേണ്ടതുപോലെയും വേണ്ടിടത്തും ചെലവുചെയ്ത് നശിപ്പിക്കാതെ നോക്കിപോരുന്ന കർമ്മം ചില്ലറയല്ല. ഇതിൻെറ ഭരണകാര്യം ആലോചിപ്പാനും നടത്തിപ്പാനുമായി ധർമ്മബോധമുള്ള അല്പം ചില മാന്യന്മാർ കഴിഞ്ഞ അഞ്ചു കൊല്ലങ്ങളായി പ്രതിപക്ഷം ഗവർണ്ണരുടെ വസതിയിൽ കൂടുന്നു. ധനസഹായത്തിന്നഭ്യർത്ഥിച്ച ഹരജികൾ ആലോചനക്കെടുക്കുന്നു. ന്യായമാണെന്നു കണ്ടവയെ സ്വീകരിച്ച് അവയെക്കുറിച്ചുള്ള ചെലവിന്നു അനുവാദം നൽകുന്നു. നിസ്വാർത്ഥമായി ഈവിധം കർമ്മം ചെയ്തുവരുന്നവർക്ക് സർവ്വവിജയവും ഞങ്ങൾ ആശംസിച്ചുകൊള്ളട്ടെ.

# ഒരമേരിക്കക്കാരന്റെ തുറന്ന അഭിപ്രായം

## ഇന്ത്യയിലെ ബ്രിട്ടീഷു ഭരണം

[ഇന്ത്യയിൻ ബ്രിട്ടീഷുകാരുടെ ഭരണം ദുർഭരണമാണെന്നു് പ്രചാരവേലചെയ്തു് അമേരിക്കയിൽ പരത്തിവരുന്ന അപവാദത്തിന്നു് ഒരു സമാധാനമാണ് ഈ ലേഖനത്തിൽ കാണുന്നതു്. ഇതിന്റെ കർത്താവു കഴിഞ്ഞ ഇരിപത്തഞ്ചു കൊല്ലമായി ഇന്ത്യയിൽ കച്ചവടം ചെയ്തു വരുന്നാളാണ്. അടുത്തവസരത്തിൽ ഫിലിപ്സ് റിപ്പോട്ടുകളെന്നപേരിൽ കണ്ടുവരുന്ന പ്രക്ഷോഭത്തിന്നിടയിൽ ഈ ലേഖനവും രസകരമായിരിക്കും.

—യു. സ. പ.]

ഇന്ത്യക്കു് സ്വാതന്ത്ര്യം നൽകേണ്ട പ്രശ്നത്തെപ്പററി അമേരിക്കക്കാർ എഴുതുകയൊ പ്രസംഗിക്കുകയൊ ചെയ്യുമ്പോൾ അവരിൽ മിക്കവക്കും ബ്രിട്ടീഷുകാരെപ്പററി മനസ്സിൽ തോന്നുന്ന ചിത്രം കുട്ടിക്കാലത്തു് സ്കൂളിൽ പഠിക്കുമ്പോൾ അമേരിക്കൻ പാഠപുസ്തകങ്ങളിൽ കാണുന്ന ചിത്രം തന്നെയാകുന്നു. ഈ പാഠപുസ്തകങ്ങളിൽ ബ്രിട്ടനും, വിശിഷ്യ ഇംഗ്ലണ്ടും ഒരു ചെയ്ത്താനാണെന്നാണ് വിവരണം. ഈ ചെയ്ത്താന്റെ അധിവാസം നരകത്തിലാണ്. ഇതിന്നു ചില കൊമ്പും, കുളമ്പും വാലും മററും ഉണ്ടുതാനും.

ഇങ്ങിനെയുള്ള ഒരു പശ്ചാത്തലമാണ് അമേരിക്കക്കാരിൽ പലക്കും ഉള്ളതു്. ഇന്ത്യൻ കോൺഗ്രസ്സ് കക്ഷിയുടെ പ്രചാരവേലയാണെങ്കിൽ അതും വളരെ ഗംഭീരമായി നടക്കുവാൻ തുടങ്ങീട്ടു കുറച്ചുകാലമായി. അതിനാൽ അമേരിക്കയിലെ പൊതുജനങ്ങൾ പരക്കെ സ്വീകരിച്ചിരിക്കുന്ന സംഗതിയെന്താണെന്നോ? ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ അടിമകളാക്കി തീർത്തിരിക്കുന്നു; ഈ അടിമത്വത്തിൽനിന്നു് മോചിക്കാനുള്ള പ്രാപ്തി ഇവക്കില്ലതാനും.

ഇത്ര അസത്യമായി വേറെയൊന്നുമില്ല. ബ്രിട്ടീഷ് ഗവർമ്മേണ്ടു് സ്ഥാപിച്ചതായ ഭരണത്തെ താറുമാറാക്കാനൊ, നീതിന്യായപരിപാലനത്തെ ദുഷിപ്പിക്കാനൊ ഒരു വ്യക്തിക്കു് സ്വാതന്ത്ര്യം ഇന്ത്യയിലില്ലെന്നല്ലാതെ മററു സർവ്വകാര്യത്തിലും അമേരിക്കയിൽ ഒരു പൌരന്നു് എന്തെല്ലാം അവകാശങ്ങളുണ്ടൊ അതെല്ലാം ഇന്ത്യയിലെ ഒരു വ്യക്തിക്കും ഇന്നും ഇന്നലേയും ഉണ്ടെന്നും, കഴിഞ്ഞ ഇരിപത്തഞ്ചു കൊല്ലങ്ങളായിട്ടുണ്ടെന്നും എനിക്കറിയാം.

നീതിന്യായപരിപാലനത്തിൽ ഇന്ത്യയിൽ വലിയവനും ചെറിയവനും വ്യത്യാസമില്ല; കുചേലനും കുബേരനുമില്ല. കോടതികളുടെ നടത്തിപ്പ് ബ്രിട്ടീഷ് നീതിന്യായബോധത്തെ അടിസ്ഥാനപ്പെടുത്തി കഴിഞ്ഞ നൂററിഅമ്പതു് കൊല്ലങ്ങളായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പാരമ്പര്യ നടവടിയെ അനുസരിച്ചുകൊണ്ടാണ്.

രാജ്യത്തെ ഭരണസമ്പ്രദായമാണെങ്കിൽ, ഇന്ത്യയിലെ കോടാനകോടി ജനങ്ങൾ അധിവസിച്ചുവരുന്നതായ നാട്ടുപുറങ്ങളിലെ ഭരണം ഒരച്ഛൻ മക്കളുടെ കാര്യത്തിൽ എടുക്കുന്ന ഭരണരീതിയിലാകുന്നു. ഇന്ത്യയെന്നു യഥാർത്ഥത്തിൽ പറയാവുന്ന രാഷ്ട്രവ്യക്തി കിടക്കുന്നതു് ഈ നാട്ടുപുറങ്ങളിലാണ്. ഇവക്കു ഒരു കാലത്തും ബ്രിട്ടീഷുകാരുടെ ഭരണം ദുർഭരണമാണെന്നുള്ള അഭിപ്രായം തന്നെയില്ല. എങ്ങിനെയുണ്ടാകും? ഇവിടങ്ങളിൽ നാട്ടുകാരുടെ സ്വയഭരണസമ്പ്രദായങ്ങൾ ഒരു ബ്രിട്ടീഷു ഡിസ്ട്രിക്ട് ആപ്പീസറൊ, ആ വിധം പരിശീലനം കഴിച്ച ഒരു ഇന്ത്യക്കാരനൊ ആണ് മേൽനോട്ടം ചെയ്തു നടത്തിവരുന്നതു്. നാട്ടുകാരുടെ ഇടയിൽ നടന്നുവരുന്ന സ്വയഭരണസമ്പ്രദായങ്ങളെപ്പോലെ മാതൃകാസ്വയഭരണരീതി മറെറങ്ങാനുമുണ്ടൊ എന്നു സംശയമാണ്. സ്വയഭരണത്തിന്റെ അടിത്തട്ടാണ് പൊതുജനങ്ങൾ. അവിടെ നിന്നുതന്നെയാണ് ഇന്ത്യയിലെ സ്വയഭരണം ആരംഭിക്കുന്നതും.

ഇന്ത്യയിലെ സാധുജനങ്ങൾ, ഇരപ്പൻ, ദാഹകൻ, പതിതൻ തുടങ്ങി കർഷകൻ, കന്നുകാലിമേക്കുന്നവൻ, കച്ചവടക്കാരൻ മുതലായവരടങ്ങീട്ടുള്ള പൊതുജനതക്കു് വേണ്ടവസരങ്ങളിൽ ഉപദേശവും, സഹായവും നീതിന്യായവും ആരുടെ പക്കൽ നിന്നു ലഭിക്കുന്നു? നാട്ടുമുഴുവൻ പ്രസംഗിച്ചു നടക്കുന്ന രാഷ്ട്രീയ നേതാവൊ, അതോ രാജപ്രതിനിധിയായ ഭരണകർത്താവൊ, ആരാണ് ഇവയെല്ലാം പൊതുജനങ്ങൾക്കു് നൽകുന്നതു്? പിസ്സില്ലാതെ, ഭയമില്ലാതെ, ധർമ്മാധർമ്മ വിവേചനത്തോടുകൂടി ആരാണ് നൽകുന്നതു്?

ആരേയും ഈ ലേഖനംകൊണ്ടു ദുഷിപ്പിക്കാനുദ്ദേശമില്ലാത്തതിനാൽ, അധികമൊന്നും നീട്ടിപ്പറയാതെ ഒരു സംഗതി ഞാൻ പറഞ്ഞുകൊള്ളട്ടെ; നീതിന്യായപരിപാലനത്തിലായാലും വേണ്ടില്ല, കച്ചവടകാര്യത്തിലായാലും വേണ്ടില്ല, ദാസ്യം വഹിക്കുന്ന കാര്യമായാലും വേണ്ടില്ല, ഇന്ത്യയിലെ സാധുജനങ്ങൾ എപ്പോഴും വിശ്വസിക്കുന്നതു് വെള്ളക്കാരെയാണ്. ഇന്ത്യൻ സാധുജനതയുടെ ഈ ബോധത്തിന്നു് ഒരർത്ഥമേയുള്ളു; വെള്ള

ക്കാരൻ അവരെ മർദ്ദനനയംകൊണ്ടു കഷ്ടപ്പെടുത്തുന്നുവെന്നുള്ള ബോധം അവർക്കാർക്കുംതന്നെ ഇല്ല.

പൊതുജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ അങ്ങിനെയിരിക്കട്ടെ; രാഷ്ട്രീയ കാര്യങ്ങളെപ്പററി പറകയാണെങ്കിൽ ഇന്ത്യയുടെ മൂവ്വായിരം കൊല്ലത്തെ ചരിത്രത്തിൽ ഏററവും മഹത്തായ ഒരനുഭവം ജനങ്ങൾക്കുണ്ടായിട്ടുള്ളതു് ബ്രിട്ടീഷു ഭരണനന്മയാണു്. കഴിഞ്ഞ നൂററിഎൺപതു് കൊല്ലങ്ങളായി ഇന്ത്യയിൽ വിദേശത്തു നിന്നു് ഒരാക്രമി വന്നിട്ടില്ല. ഒടുവിൽ വന്നവനാണു് 1761ലെ അഹമ്മദ്ഷാ ഡുറാണി. ഇത്ര ദീർഘിച്ചതായ ഒരു സമാധാനകാലം ഇന്ത്യാചരിത്രത്തിൽ മറെറാരു കാലത്തും ഉണ്ടായിട്ടില്ല.

നൂററിഎൺപതു കൊല്ലത്തെ ഈ സമാധാന കാലത്തിനുള്ളിൽ ഇന്ത്യയിലെ ജനസംഖ്യ അനവധി പ്രാവശ്യം ഇരട്ടിച്ചിരിക്കുന്നു. പൂർവ്വകാലങ്ങളിൽ ഇന്ത്യയിലെ വലുതായ ജനവിഭാഗങ്ങൾ ക്ഷാമത്തിൽപെട്ടു വലയുവാനിടവന്നിരുന്നതു് ഇപ്പോൾ ബ്രിട്ടീഷ് ഭരണം കൊണ്ടുണ്ടായിട്ടുള്ള റെയിലുകളുടേയും ഗതാഗതങ്ങളുടേയും ഫലമായി തീരെ ഇല്ലാതായിരിക്കുന്നു. മാത്രമല്ല, മതപരമായും, സാമുദായികപരമായും ഉള്ള വഴക്കുകൾ മുമ്പു ഇന്ത്യയിൽ കൂത്താടിയിരിക്കുന്നതിനുപകരം ഇപ്പോൾ ഹിമവൽസേതുപര്യന്തം പ്രശാന്തതയും, സമാധാനവും സ്ഥാപിതമായിട്ടുണ്ടു്. 1858ൽ ഉണ്ടായ കലാപത്തെ ബ്രിട്ടീഷുകാർ ഒതുക്കിയതിനുശേഷം ബ്രിട്ടന്റെ ഇന്ത്യൻ ഭരണകൂടം പൂർത്തിപ്പെടുകയും അതിനുശേഷം സുസ്ഥിരമായ സമാധാനം നിലനിന്നുപോരികയും ചെയ്തുവരുന്നു.

ഇന്ത്യയിൽ 225ൽ കുറയാതെ സംസാരിക്കുന്ന ഭാഷകളും, 17ൽ കുറയാതെ എഴുത്തുഭാഷകളും ഉണ്ടെന്നു എത്ര അമേരിക്കക്കാർക്കു അറിയുന്ന സംഗതിയാണു്? അതുപോലെതന്നെ 1931ലെ കാനേഷുമാരി കണക്കുകൊണ്ടു ഇന്ത്യയിൽ ഒട്ടാകെ 250,000 വിദ്യാലയങ്ങളുണ്ടായിട്ടും, ഒരു കോടി നാല്പതു ലക്ഷം വിദ്യാർത്ഥികൾ ഉണ്ടായിട്ടും, ഇന്നും 9·5 ശതമാനം ആളുകൾക്കു് മാത്രമെ ഒരു കത്തെഴുതുവാനും അതിന്റെ മറുപടി വായിപ്പാനും പ്രാപ്തിയുള്ള വിദ്യാഭ്യാസമുള്ളുവെന്ന സംഗതി എത്ര അമേരിക്കക്കാർക്കു് അറിയാവുന്ന സംഗതിയാണു്? ഇന്ത്യയിലെ വിദ്യാഭ്യാസ വിഹീനതക്കു് കാരണം ബ്രിട്ടീഷ് ഭരണമാണെന്നും, സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞാൽ ഇന്ത്യയുടെ പൂർവ്വീക സംസ്കാരവും വിദ്യാഭ്യാസരീതിയും പുനർജ്ജീവിക്കുമെന്നും കോൺഗ്രസ്സുകാർ പറയുമായിരിക്കാം.

യഥാർത്ഥം ചരിത്രത്തിൽനിന്നു വായിച്ചു് മനസ്സിലാക്കിയ നിങ്ങൾക്കും എനിക്കും അറിഞ്ഞുകൂടെ. ഇന്ത്യയിൽ ഒരു കാലത്തും സാധാരണക്കാർക്കു് ഒരു സുഖസമൃദ്ധിയുണ്ടായ സന്ദർഭം പണ്ടുകാലങ്ങളിൽ ഉണ്ടായിട്ടില്ലെന്നും അതുപോലെത്തന്നെ, പൊതുജനവിദ്യാഭ്യാസം എന്ന വിഷയം പണ്ടുകാലങ്ങളിൽ നടപ്പുണ്ടായിരുന്നില്ലെന്നും ആയതു് ആരംഭിച്ചതു് ബ്രിട്ടീഷു ഭരണം നടപ്പായതിനുശേഷം പത്തൊമ്പതാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മെക്കാളെ പ്രഭുവിന്റെ മേൽനോട്ടത്തിലാണെന്നും, അതിനു ശേഷം ഹാലിഫാക്സ് പ്രഭുവിന്റെ മുത്തച്ഛനായ സേർ ചാറൽസ്‌വുഡ്സ് ഇന്ത്യാ സ്റ്റേററ് സിക്രട്ടറിയായിരിക്കുമ്പോൾ അതിനു പൂർവ്വാധികം പരിഷ്കാരങ്ങൾ വരുത്തിയെന്നും നമുക്കു നല്ലവണ്ണം അറിയുന്ന കാര്യങ്ങളാണു. ഇന്ത്യയിലെ വിദ്യാഭ്യാസ വിഹീനതയും ദാരിദ്ര്യവും അവിടെ നടപ്പുള്ള സാമുദായികവും, മതപരവുമായ സമ്പ്രദായങ്ങളാൽ വന്നുചേരുന്ന കാര്യങ്ങളാണെന്നും ആയതു് ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമല്ലെന്നും നമുക്കറിയാം.

ഹിന്ദുക്കളുടെ കോൺഗ്രസ്സോ, ജവഹർലാൽ നെഹ്റുവിന്റെ സ്വാധീനത്തിലുള്ള സോഷ്യലിസ്റ്റുകാരോ ആയിരം കൊല്ലം ഭരിച്ചാലും, അതിന്റെ പത്തിലൊരംശം കാലത്തിനുള്ളിൽ ബ്രിട്ടൻ ഇന്ത്യയിൽ സ്ഥാപിച്ചിട്ടുള്ള പുരോഗതി വരുത്തിക്കൂട്ടുവാൻ സാദ്ധ്യമല്ല. സാമ്പത്തിക സ്ഥിതിയെ പ്രബലപ്പെടുത്തി, പൊതുജന വിദ്യാഭ്യാസം പ്രചരിപ്പിച്ചു സ്ഥാപിച്ചിട്ടുള്ള ഒന്നാണു് ഈ പുരോഗതിയെന്നു് നാം ധരിക്കണം. ബ്രിട്ടനല്ല, മററു വല്ലവരുമാണു് ഇന്ത്യയെ ഇക്കാലങ്ങളിൽ ഭരിച്ചിരുന്നതെങ്കിൽ ഹിന്ദുസ്ഥാനിൽ ഇന്ത്യൻ രക്തംകൊണ്ടു പുഴകൾ ഉണ്ടായേനെ.

ഇന്ത്യയെ ബ്രിട്ടൻ അടിമയാക്കിയിരിക്കയാണെന്നു് നാസികളുടെ പ്രചാരവേലയിലെ ഒരു ന്യായമാണു്. ഈ ന്യായത്തെ ആസ്പദിച്ചു ബ്രിട്ടീഷുകാരെ നൊമ്മളും (അമേരിക്കക്കാർ) ശകാരിക്കുകയാണെങ്കിൽ നൊമ്മളും നാസികളുടെ മോഹം നിറവേററുകയാണെന്നേ ഉള്ളൂ. ഇന്ത്യയിലെ കോടാനകോടി മുസ്ലീമിങ്ങൾ കോൺഗ്രസ്സ് വർക്കിങ്ങ് കമിററിയുടെ ആധിപത്യത്തിനു് കീഴടങ്ങിക്കൊള്ളുവാനുള്ള സ്ഥിതിഗതികൾ വരുത്തിക്കൂട്ടേണ്ടതിനു് എന്തിനാണു് നാം ബ്രിട്ടനെ നിർബ്ബന്ധിക്കുന്നതു്? ഹിററ്ലർ യൂറോപ്പിലെ ജനതക്കു വരുത്തികൂട്ടിയപോലെയുള്ള ഒരാപത്തു ഇന്ത്യയിലെ മുസ്ലീമിങ്ങൾക്കും അധഃകൃതവർഗ്ഗക്കാർക്കും വരുത്തിക്കൂട്ടുവാൻ നാം എന്തിനായിക്കൊണ്ടു ബ്രിട്ട

(ശേഷം 11-ാം പേജിൽ)

# ബാങ്കററിങ്ങ് ഹാൾ

## മദിരാശി ഗവർണ്ണരുടെ അതിഥിമന്ദിരം: അന്നും ഇന്നും

ഏററവും കമനീയമാകുംവിധം അലങ്കരിച്ച് വിതാനിച്ചിട്ടുള്ള ഈ മന്ദിരം അതിഥി സൽക്കാരങ്ങൾ നടക്കുമ്പോൾ മാത്രം തുറക്കപ്പെടുന്നതിനാൽ മററു കാലങ്ങളിലെല്ലാം കടവാതിലും നരച്ചീരും അധിവാസം ചെയ്തുവരുന്ന ഒരു സ്ഥലമാണ് ബാങ്കററിങ്ങ് ഹാൾ. ഇങ്ങിനെ കിടന്നിരുന്ന സ്ഥലത്തിനെ ജോയിൻറ് വാർ ചാരിററീസ് കമിററിയുടെ കേന്ദ്രസ്ഥാപനമാക്കിത്തീർത്ത കഥയാണ് ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു്.

മൂന്നുകൊല്ലം മുമ്പാണ് എഗ്മൂറിലുള്ള റെഡ് ക്രോസ് സംഘക്കാരുടെ കെട്ടിടത്തിൽ നിന്ന് ജോയിൻറ് വാർ ചാരിററീസ് ഡിപ്പോ ഗവർണ്ണരുടെ വസതിയിലുള്ള ജോയിൻറ് വാർ ചാരിററീസ് ഡിപ്പോവിലേക്കു നീങ്ങിയതു്. പുതിയ സ്ഥലത്തു വന്നുചേർന്ന കാലങ്ങളിൽ സ്ഥലം ധാരാളം മതിയെന്ന് ഞങ്ങൾക്കു തോന്നി. എന്തിനാണ് അധികം സ്ഥലം? പട്ടാളങ്ങളുടെ ഉപയോഗത്തിന്നുള്ള സാമാനങ്ങൾ ഓരോന്നും ഉണ്ടായിക്കഴിഞ്ഞാൽ അവയെ സൂക്ഷിക്കുവാൻ ഒരു സ്ഥലം വേണമെന്നുമാത്രമേയുണ്ടായിരുന്നുള്ളൂ. പട്ടാളങ്ങളുടെ സുഖസൌകര്യങ്ങൾക്കു് വേണ്ട ഏർപ്പാടുകൾ അന്ന് അത്ര അധികമായി യാതൊന്നും തുടങ്ങിയിരുന്നില്ല. അതിനാൽ അതിഥിമന്ദിരത്തിലെ താഴ്‌വാരകൾ കൂടി ഞങ്ങൾക്ക് ആവശ്യത്തിലധികം സ്ഥലം തന്നു. കടവാതിലുകളെ ആട്ടിപ്പുറത്താക്കി അകത്തു കടന്നിരിക്കത്തക്കയാതോരാവശ്യവും ഞങ്ങൾക്കുണ്ടായില്ല.

എന്നാൽ കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി സ്ഥലമില്ലായ്മ അധികരിച്ച് ഞങ്ങൾ അറിവാൻ തുടങ്ങി. മുമ്പു ഞങ്ങൾ വാങ്ങിയിരുന്നതിൽ എത്രയൊ അധികമായി അസംസ്കൃത സാധനങ്ങൾ വാങ്ങി സൂക്ഷിക്കേണമെന്നുള്ള സ്ഥിതിയായി. കാരണം, ആവശ്യമുള്ളപ്പോൾ വാങ്ങുക എന്ന നയം ആചരിച്ചാൽ സാധനങ്ങൾ കിട്ടുകയില്ലെന്ന് വന്നേക്കാം. അല്ലങ്കിൽ, മൂന്നെരട്ടി വില കൊടുത്തേ കിട്ടുകയുള്ളുവെന്നും വന്നേക്കാം.

എന്നാൽ ചിലർക്കൊരഭിപ്രായമുണ്ട്. പട്ടാളക്കാരുടെ ആവശ്യത്തിന്നുള്ള സാധനങ്ങൾ എന്തിനാണ് നിങ്ങൾ വാങ്ങുന്നതു്; അവർ ഷാപ്പുകളിൽപോയി വാങ്ങിക്കൊള്ളുമല്ലൊ. ഈ അഭിപ്രായമനുസരിച്ചു കുറച്ചുകാലം ഞങ്ങൾ പട്ടാളക്കാരെ സാമാനങ്ങളെക്കുറിച്ച് ഉപദേശിക്കുക മാത്രംചെയ്തുവന്നു. ഗ്രാമഫോൺ വാങ്ങണൊ; ശരി; അതു ഈ ഷാപ്പിൽ കിട്ടും എന്നു ഞങ്ങൾ ഉപദേശിച്ചു തുടങ്ങി. എന്നാൽ ആഴ്ചതോറും ഗ്രാമഫോണിൻെറ വില പതിപ്പത്തുറുപ്പികകണ്ടു് കയറുവാൻ തുടങ്ങിയപ്പോൾ, ഗ്രാമഫോൺ സ്റ്റോക്ക് മുഴുവൻ ഞങ്ങൾതന്നെ വാങ്ങിസൂക്ഷിക്കാമെന്ന് തീർച്ചയാക്കി. ഈ ബുദ്ധി ഇതിന്നുമുമ്പു തോന്നാത്തതു് തെററിപ്പോയി എന്നായി ഞങ്ങളുടെ വിചാരം. ഇത്തരത്തിൽ സാമാനങ്ങൾ വാങ്ങിഇടുവാൻ തുടങ്ങിയാൽ അതിന്ന് സ്ഥലം വേണ്ടേ? അതിഥിമന്ദിരത്തിൻെറ ഓരോ ഭാഗങ്ങളായി ഞങ്ങൾ കയ്യേലാക്കുവാൻ തുടങ്ങി. കടവാതിലുകളേയും നരച്ചീറുകളേയും ആട്ടിയോടിച്ചു; ജനലുകൾ തുറന്നു മാറാലയും പൊടിയും തട്ടി. ഈ വിധത്തിൽ അതിഥിമന്ദിരത്തിൻെറ എല്ലാഭാഗങ്ങളും ഇപ്പോൾ ഞങ്ങളുടെ കൈവശമാണ്. ഈ കെട്ടിടം മുഴുവൻ ഇപ്പോൾ ഞങ്ങളുടെ നിത്യോപയോഗത്തിന്നാവിശ്യമായിരിക്കുന്നു. ഇതിലെ യാതോരു സ്ഥലത്തും ഞങ്ങൾക്കു പ്രവേശിച്ചുകൂടെന്നില്ല; ഞങ്ങളുടെ സന്നിധാനം കൊണ്ടു് ഇവിടുത്തെ യാതോരു സ്ഥലത്തിന്നും അശുചിയും ബാധിക്കുന്നില്ല. ഈ വിധം കാല വൈഭവത്താൽ സ്ഥലത്തിന്ന് മാററം വരുത്തിക്കൂട്ടിയതു് വെറും കാലവൈഭവം മാത്രമല്ല; എത്ര വലിയ മനുഷ്യൻെറ സുഖസൌകര്യവും ഇന്നു യുദ്ധത്തിൻെറ അടിയന്തരാവിശ്യങ്ങൾക്ക് വിധേയമാണ്.

---

(10-ാം പേജിൽനിന്നു തുടർച്ച)

നെ നിർബ്ബന്ധിക്കുന്നു? ബ്രിട്ടൻെറ ചുമതല ഇന്ത്യയിലെ അഞ്ചിൽ രണ്ടിലൊരുഭാഗം ജനങ്ങൾമാത്രമെ ഉള്ളുവെങ്കിൽ തീർച്ചയായും ഇതിന്ന് എത്രയോ മുമ്പു ഇന്ത്യക്കു ഡൊമിനിയൻ പദവി കൊടുക്കുന്നേനെ. ബ്രിട്ടീഷു മന്ത്രിമാരും വൈസറോയിമാരും ഈ വിഷയത്തെക്കുറിച്ചു വളരെ പ്രാവശ്യം പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്.

യുദ്ധം നടന്നുകൊണ്ടിരിക്കുന്ന മദ്ധ്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിലുണ്ടായിരുന്ന എല്ലാ മന്ത്രിസഭകളേയും യാതൊരുത്തരവാദബോധവുമില്ലാതെ കോൺഗ്രസ്സ് വർക്കിങ്ങ് കമ്മിററി പിരിച്ചുവിട്ടതു് ആലോചിച്ചാൽ കോൺഗ്രസ്സ് കക്ഷിക്കാർ യുദ്ധകാര്യത്തിൽ വലുതായ സഹായങ്ങൾ ചെയ്യുമെന്ന് ആശിക്കുവാൻ തീരെ നിവൃത്തിയില്ല. കോൺഗ്രസ്സ് നേതാക്കന്മാർ ഇന്ത്യാ ഗവർമ്മേണ്ടിൽ മന്ത്രിപദം സ്വീകരിച്ചുവന്നാലും ഇക്കാര്യത്തിൽ വലിയ ഗുണങ്ങളൊന്നും ഉണ്ടായിരുന്നില്ല.

കോൺഗ്രസ്സിന്ന് വേണ്ടതെന്താണ്? ബ്രിട്ടൻ അവരെ ഇന്ത്യയിലെ അധികാര പദവിയിൽ ഇരുത്തണം. എന്നാൽ അതേസമയത്തു തന്നെ ബ്രിട്ടൻെറ അധികാരശക്തികൊണ്ടും സൈന്യശക്തികൊണ്ടും മുസ്ലിമങ്ങളേയും മററു അവകാശ വാദക്കാരെയും അടിച്ചമർത്തുകയും വേണം. ഇന്ത്യക്കു സ്വാതന്ത്ര്യം കൊടുക്കേണമെന്ന് തത്തമ്മേ പൂച്ച പൂച്ച എന്നമട്ടിൽ നാം പറയുന്നതിൻെറ സാരം ഇതാണ്. ഈ സ്വാതന്ത്ര്യം ഇപ്പോൾ കൊടുത്തു കഴിഞ്ഞാലുള്ള അനുഭവം എന്തായിരിക്കും? സ്വാർത്ഥതല്പരന്മാരായ അല്പം ചിലരുടെ കയ്യിൽ അധികാരം ചെന്നു പെട്ടു അവരുടെ അധികാരനിലനില്പിന്നു വേണ്ടി ധർമ്മബോധം തീരെ നശിപ്പിച്ചു അനവധി ലക്ഷം ജനങ്ങളെ കൊല ചെയ്തുകൊണ്ടുള്ള ഒരു ഭരണം സ്ഥാപിക്കപ്പെടും. ഇന്ത്യയുടെ ഒട്ടാകെ പ്രാതിനിദ്ധ്യം താൻ വഹിക്കുന്നുവെന്നുള്ള ഭാവം കോൺഗ്രസ്സ് വെടിഞ്ഞു, മുസ്ലിമിങ്ങളോടു യോജിച്ചു കാനഡക്കുള്ളപോലെ ഒരു ഡൊമിനിയൻ പദവി സ്വീകരിപ്പാനായി ഒരുങ്ങുന്നുവെങ്കിൽ മാത്രമെ കോൺഗ്രസ്സ് ന്യായമായി പ്രവൃത്തിക്കുന്നുള്ളൂ.

ഞാൻ ഇത്രത്തോളം പറഞ്ഞതു് മഹത്തായ അനവധി കർമ്മങ്ങൾ ഇന്ത്യയിൽ നിറവേററിയ ബ്രിട്ടീഷുകാർക്കൊരു നാണ്യക്കുററം വരരുതെന്നു് വെച്ചിട്ടാണ്. ബന്ധുക്കളേയും മിത്രങ്ങളേയും തമ്മിൽ തല്ലിക്കുന്ന ജർമ്മൻ നാസി കക്ഷിക്കാരുടെ പ്രചാരവേലയെ സഹായിക്കുമാറുള്ള കാര്യങ്ങളൊന്നും അമേരിക്കയിൽ നാം ബ്രിട്ടീഷുകാരെപ്പററി എഴുതി പോകരുതെന്നും എനിക്കു താല്പര്യമുണ്ടു്.

# ജർമ്മൻകാരന്ന് തലവേദന

## ഗവർണ്ണരുടെ വാർ ഫണ്ടും വിമാന പ്രവർത്തനങ്ങളും

ആർത്തർ റോബർട്ട് എന്ന മഹാൻ ഒരിക്കൽ തന്റെ സംഗീതശാലയിൽ ഒരു പൃച്ഛ കടന്നു കച്ചേരിക്കു ഭംഗം വരുത്തിയസമയം "കടന്നു പോ ഇവിടുന്നു, ഇതൊരു ശാശ്വത സ്ഥാനമാണ്, ഒരു വിവരപ്പട്ടിക (കാററലോക്ക്) അല്ല" എന്നു പറയുകയുണ്ടായത്രെ. കാററലോക്ക് എന്നുവെച്ചാൽ അത്രയ്ക്കു നിസ്സാരമാണോ. അതിന്നു രസികത്വമൊന്നുമില്ലെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ, ഇന്നു ഒരു കാററലോക്കിന്റെ സഹായം കൂടാതെ, മദിരാശി ഗവർണ്ണരുടെ വാർ ഫണ്ടിലെ സാമ്പത്തിക ചെലവിനെപ്പററിയുള്ള ഒരു വിവരണം തരുവാൻ മിടുക്കുള്ളവർ ആരാണുള്ളതെന്നു കാണട്ടെ. സാധിക്കുന്നതല്ലെന്നു നിശ്ചയം തന്നെ. അതിനാൽ, ഗവർണ്ണരുടെ വാർഫണ്ടിലേക്കു, മദിരാശി പ്രസിഡൻസിയിലുള്ള മഹാന്മാർ ഇതുവരെ കൊടുത്തു വന്നവയും തീരാത്ത സൌഹാർദ്ദത്തോടെ ഇനിയും കൊടുത്തുവരുന്നതുമായ സംഖ്യകളുടെ ഒരു വിവരണപ്പട്ടിക ഞാൻ താഴെ ചേർക്കാം. വിവരണപ്പട്ടികയെന്നാൽ സംഭാവനയുടെ ചിലവുകളെപ്പററി വിവരണമെന്നർത്ഥം.

ഈ ഭീമമായ സംഖ്യ (ഭീമമായയെന്നു പറയുന്നതിൽ സങ്കോചപ്പെടുവാനില്ല) ഇതെഴുതുന്നകാലത്തു 3,17,03,525 ക. 7 ണ. 11 പ. ആയിരുന്നു. ഇതിൽ വലുതായ ഒരു സംഖ്യ ജർമ്മൻകാർക്കു തലവേദനയുണ്ടാക്കുന്ന വിമാനപ്പട വാങ്ങുവാൻ ചെലവാക്കിയെന്ന് കാണുമ്പോൾ ഈ തലവേദനയുടെ വില 1,18,00,000 ക. ആകുന്നുവെന്ന് തീരുമാനിക്കാം. ഈ സംഖ്യ (ഏർക്രാഫ്ററ്)ന്നു വേണ്ട ചിലവിന്നായി ബ്രിട്ടനിലേയ്ക്കയയ്ക്കപ്പെട്ടതാകുന്നു. മദിരാശി പ്രസിഡൻസിയിലെ മാന്യന്മാരാൽ നല്കപ്പെട്ടതായ 30 ബോംബറും, 60 ഫൈറേറർസും മദിരാശിയേയും, മദിരാശിയിലെ മററു ഡിസ്ട്രിക്ടുകളേയും അഭിമാനം കൊള്ളിയ്ക്കുന്നു. അതിന്നുള്ള കാരണം ജർമ്മനിയുടെ അനേകം നഗരങ്ങൾ ഇന്നു നാമാവശേഷങ്ങളായ് തിരോധാനം ചെയ്യുന്നതിൽ ഒരു പ്രധാന പങ്കു മുൻപറയപ്പെട്ടവയ്ക്കുമുണ്ടെന്നുള്ളതാകുന്നു. ധീരാത്മാക്കളുമായുള്ള സമ്പർക്കം കൊണ്ടു നമുക്കു സിദ്ധിക്കുന്ന ഗുണം, അവർ നേടുന്നതായ മഹത്തരമായ നേട്ടങ്ങളിൽ നമുക്കും ചെറിയൊരു പങ്കുണ്ടായിരിയ്ക്കുമെന്നുള്ളതാണ്.

യുദ്ധം ഇന്ത്യയ്ക്കു സമീപിയ്ക്കുവാൻ തുടങ്ങിയതോടുകൂടി നമ്മുടെ സംഭാവനക്കാർ എത്രയും അത്യാഹിതമായ ഈ വാസ്തവവും അതിന്റെ ഗൌരവവും മനസ്സിലാക്കി മററു പലേ പ്രകാരങ്ങളിലും അവർ സഹായങ്ങൾ ചെയ്യുവാൻ തുടങ്ങി. അങ്ങിനെ 11 ലക്ഷം ഉറുപ്പിക കവചിതവാഹനങ്ങൾ (ആർമാർഡ് കാറിയേർസ്) വാങ്ങുവാൻ ഉപയോഗിക്കപ്പെട്ടു. അതിന്റെ ഫലമായി അസംഖ്യം ജപ്പാൻകാർ കൊല്ലപ്പെട്ടു. ഇനി ഈ ജന്മത്തിൽ അവർ ആരെയും ദ്രോഹിയ്ക്കുകയില്ലെന്നു നിശ്ചയം തന്നെ. ശത്രുക്കളെ സംഹരിക്കുന്നതിന്നുമാത്രമല്ല, വാർ ഫണ്ടു കൊണ്ടുള്ള ഉപയോഗം. ശത്രുക്കൾക്കു ഏതു പ്രകാരം ദുഃഖമുളവാക്കുവാൻ അവ ഉപകരിയ്ക്കുന്നുവോ, അതേപ്രകാരം നമ്മുടെ യുദ്ധം ചെയ്യുന്ന വീരന്മാർക്കു സുഖവും ആശ്വാസവും നല്കിവരുന്നു. യുദ്ധം ചെയ്യുന്ന പട്ടാളക്കാരനും, കപ്പൽക്കാരനും, വൈമാനികനും അനേക സഹായങ്ങളും ചെയ്യപ്പെടുന്നുണ്ട്. 40 ലക്ഷം ഉറുപ്പിക (അമിനിററീസ് ഫോർ ട്രൂപ്സ്) എന്ന പേരിൽ അതായതു, പട്ടാളക്കാർക്കു രമ്യവസ്തുക്കൾ കൊടുക്കുക, സമ്മാനങ്ങൾ കൊടുക്കുകയെന്ന ഇനത്തിനായി മാന്യ സംഭാവനക്കാരോടു പിരിച്ചുവെച്ചിരിയ്ക്കുന്നതിൽ മൂന്നിൽ ഒരു ഭാഗം ചിലവാകാതെ തന്നെയിരിയ്ക്കുന്നുണ്ട്. ആയതു നമ്മുടെ യുദ്ധം ചെയ്യുന്ന ഭടന്മാരുടെ സൌകര്യങ്ങൾക്കും, കഷ്ടപ്പാടുകളെ നിവാരണം ചെയ്യുന്നതിന്നും ഒരു അനുഗ്രഹവുമായിത്തീർന്നിരിയ്ക്കുന്നു. ജർമ്മൻകാർ, സാരമില്ല, അവരെക്കൊണ്ടും അവരുടെ കൺകെട്ടുകളെ കൊണ്ടുമല്ല രക്തം ചൂന്നെടുക്കുന്ന പിറുക്കുകളെക്കൊണ്ടാണ് ബുദ്ധിമുട്ടു സഹിക്കുവാൻ പാടില്ലാത്തതു എന്നു നോത്തൽ കവാർഡിന്റെ ഒരു പരുക്കേററ യോദ്ധാവ് പറഞ്ഞതു് സ്മരണീയമാകുന്നു. വെറും കായികമായ അപകടമല്ല, നമ്മുടെ യോദ്ധാക്കളെ ബാധിയ്ക്കുന്നത്. സൌകര്യക്കുറവും, പണക്കുറവുമാണ് അവരെ കഷ്ടപ്പെടുത്തുന്നതെന്നു മേൽപറഞ്ഞ വക്താവിന്റെ മൊഴിയിൽനിന്ന് തന്നെ വ്യക്തമാകുന്നുണ്ടല്ലോ.

ഇത്രത്തോളം സംക്ഷേപിച്ചതുകൊണ്ടു ഒരു വിധം കാര്യങ്ങളൊക്കെ വെളിപ്പെട്ടിരിയ്ക്കണം.

വളരെ അധികം സംഭാവനക്കാർ ഉണ്ടായിരിക്കുന്നതുകൊണ്ടു ഒരോരുത്തരുടേയും അഭിപ്രായം വ്യത്യാസ രീതിയിലാവുന്നതു ലോകസമ്പ്രദായമാണല്ലൊ. എന്നാൽ ന്യായമായി പട്ടാളക്കാർക്കു ആവശ്യമുള്ളതായ ഭക്ഷണസാധനങ്ങൾ സംഭരിയ്ക്കുന്നതിനാൽ, ഉദ്യോഗസ്ഥ സംഘടനകൾ ഉപകാരമായി ദ്രവ്യം നൽകുകയും കഴിയുന്നതും ഭക്ഷണസാധനങ്ങൾ ശേഖരിയ്ക്കുന്നതിൽ മനസ്സിരുത്തി പ്രവൃത്തിക്കേണ്ടതുമാകുന്നു.

എന്തിനാണ് വൈ.യം.സി.എ. സ്ഥാപനങ്ങൾക്കോ, സാൽവേഷ്യൻ ആർമിക്കാർക്കോ, മററു വല്ല സ്ഥാപനങ്ങൾക്കോ ഇപ്പോൾ പണം കൊടുക്കുന്നതായാൽ, യുദ്ധാനന്തരം ലാഭമുണ്ടാവുമെന്നു പറയുന്നത്. എന്റെ മനസ്സിൽ ഒരൊററ ചോദ്യമെ സമാധാനം അറിയുവാനായിട്ടുള്ളു.

പട്ടാളക്കാർക്കു ഇന്നു ആവശ്യങ്ങളുണ്ടെങ്കിൽ അതു നിറവേററുകയല്ലാതെ, പിന്നേക്കെന്നൊരു കരുതൽ എന്തിനാണ്? നമുക്കൊരു ഭാവിയുണ്ടെങ്കിൽ, യുദ്ധാനന്തരം ആർക്കു ലഭ്യമുണ്ടായാലെന്താണ്?

വാർ ഫണ്ട്, ബ്രിട്ടീഷ് പട്ടാളക്കാർക്കുമാത്രമെ, ഭക്ഷണസാധനങ്ങൾ സംഭരിയ്ക്കുന്നുള്ളു. അവർ ഇന്ത്യൻ പട്ടാളക്കാർക്കുവേണ്ടി യാതൊരു സഹായം ചെയ്യുന്നില്ലെന്നൊരു നുണ എവിടേയും പരന്നിരിയ്ക്കുന്നു. ഈ അസത്യവാദം വിശ്വസിക്കത്തക്ക ബുദ്ധിഹീനന്മാർ ആരെങ്കിലുമുണ്ടെങ്കിൽ, അവനായാലും ശരി, അവളായാലും ശരി, ജോയന്റ് വാർ കമ്മിററി ഡിപ്പാർട്ട്മെണ്ടിൽ അന്വേഷിച്ചാലറിയാം, ഇന്ത്യൻ സോൾജ്ജർസ് എന്നു അറിയപ്പെടുന്ന മഹാത്മാക്കൾക്കു വേണ്ടി എന്തെല്ലാം ചെയ്തുവരുന്നുണ്ടെന്നു. അവർ പദ്യരേഖേനയും ഗദ്യരേഖാമൂലവും വെളിപ്പെടുത്തിത്തരുന്നതായിരിയ്ക്കും. മദിരാശി പ്രസിഡൻസിയിലുള്ളതും, പുറമെയുള്ളവരുമായ എല്ലാം മദ്രാസി പട്ടാളക്കാർക്കും അവർക്കു വേണ്ടുന്ന സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാകുന്നു യുദ്ധഫണ്ടിന്റെ ഉദ്ദേശം.

വീരശൂരന്മാരായ 14-ാം പടയ്ക്കു സമ്മാനമായി കൊടുക്കുന്നതിലേയ്ക്കായി 60,000 ക. സാങ്ക്ഷനായിരിയ്ക്കുന്നു. ഈ വീരന്മാർ ഇപ്പോൾ മദിരാശി സംസ്ഥാനത്തിൽ വിശ്രമാർത്ഥം ലീവിൽ വന്നിരിക്കുകയാകുന്നു.

നമ്മുടെ സംസ്ഥാനത്തിൽനിന്നു വരുന്നവരായ പട്ടാളക്കാർക്കു അവരവരുടെ സ്വന്തം ഭാഷയിൽ വർത്തമാനപത്രങ്ങൾ ലഭിക്കേണ്ടതിലേക്കായി 1,50,000 ഉറുപ്പികയുടെ ഒരു ശിപാർശി എക്സിക്യൂട്ടീവ് കമ്മററിയിലേക്കു സമർപ്പിച്ചിരിയ്ക്കുന്നു.

മദ്രാസി പട്ടാളക്കാർക്കു വേണ്ടി വാങ്ങിയിരിയ്ക്കുന്ന ഗ്രാമഫോൺ മെഷ്യനുകൾക്കു ചെലവായിരിയ്ക്കുന്ന സംഖ്യയെത്രയാണെന്നു പറയുവാൻ എന്റെ കയ്യിൽ ഇപ്പോൾ കുറിപ്പില്ല. ഏതായാലും അവർക്കു വേണ്ടി വാങ്ങിയിരിയ്ക്കുന്ന മലയാളം, തമിൾ, തെലുങ്ക്, എന്നീ ഭാഷകളിലുള്ള പുസ്തകങ്ങളുടെ വില അറിയുന്നതായാൽ നിങ്ങൾ അത്ഭുതപ്പെട്ടു പോകുന്നതാകുന്നു. ജോയന്റ് വാർ കമ്മിററിയോടു ചോദിച്ചാൽ അതിനെപ്പററി സൂക്ഷ്മം അറിയാം.

യുദ്ധഫണ്ടിലേയ്ക്കു സംഭാവന ചെയ്യുന്ന സമയം അതു യുദ്ധത്തടവുകാരുടെ ഗുണത്തിനായി കൊടുക്കുന്നതായിരിയ്ക്കും ഉത്തമം. കുറച്ചു കാലം സെൻട്രൽ റെഡ്ക്രോസ്സിലേക്കു സംഭാവന ചെയ്യുന്നതിൽ നമുക്കെല്ലാം കുറഞ്ഞൊരു അവിശ്വാസമുണ്ടായിരുന്നു. മാത്രമല്ല, നമുക്കു, നാം സംഭാവന ചെയ്യുന്നതു നിർഭാഗ്യവാന്മാരായ ശത്രുക്കളുടെ കണിയിലകപ്പെട്ട പാവങ്ങൾക്കു ലഭിക്കുന്നുണ്ടോ എന്നൊരു ശങ്കയുണ്ടായിരുന്നു. നമ്മുടെ സംശയങ്ങൾ നശിച്ചതോടുകൂടി നമ്മാൽ കഴിയുന്ന വിധത്തിലുള്ള കഴിവുകൾ ചെയ്തുകൊടുത്തതിന്റെ ഫലമായി $17\frac{1}{2}$ ലക്ഷം ഉറുപ്പിക യുദ്ധഫണ്ടിലേയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്.

മഹനീയങ്ങളും, ആദരണീയങ്ങളുമായ മററു സ്ഥാപനങ്ങളും വിസ്മരിയ്ക്കപ്പെട്ടിട്ടില്ല. (കിങ്ങ് ജോർജ്ജ് ഫണ്ട് ഫോർ സേയ്‌ലർസ്) 4 ലക്ഷം ഉറുപ്പിക. ഇന്ത്യൻ നാവികർക്കുള്ള മിസ്സിസ്സ് ആമറിയുടെ ഫണ്ട് 3 ലക്ഷം ഉറുപ്പിക. സെൻറ് ഡൺസ്റ്റൻസ് (കണ്ണു കാണാത്ത കപ്പൽക്കാരുടെ ഉന്നതിക്കായ്ക്കൊണ്ടു) 70,000 ക.


വരുന്ന ക്രിസ്റ്റ്മസ്സ് കാലവും മറന്നിട്ടില്ല. കഴിഞ്ഞ കൊല്ലത്തേപ്പോലെ തന്നെ ഇക്കൊല്ലവും 20,000 പാക്കററുകൾ പ്രസിഡൻസിയുടെ പുറമെയുള്ള ഇന്ത്യൻ പട്ടാളക്കാർക്കു കൊടുക്കുന്നതിന്നു പുറമെ ക്രിസ്റ്റ്മസ്സ് സദ്യ എല്ലാം പട്ടാളക്കാർക്കും നല്കുന്നതായിരിയ്ക്കും. എത്രയും വിപുലീകരിച്ചതായ സദ്യച്ചെലവുകൾക്കു അഡ്ജൂട്ടൻസ് ജനറാൽ അന്യ പ്രോവിൻസസ്സിൽനിന്നും പിരിയ്ക്കുന്ന ഫണ്ടിൽനിന്നു വലിയൊരു ഭാഗം ചെലവഴിയ്ക്കുന്നതായിരിയ്ക്കും.

യുദ്ധ ഫണ്ടിലേയ്ക്കും സംഭാവന ചെയ്യുന്ന സംഖ്യയുടെ ഉപയോഗമാർഗ്ഗങ്ങളെപ്പററി രേഖാമൂലമുള്ള തെളിവുകളൊന്നും ഇല്ലെങ്കിലും ഏതൊരു സംഭാവനക്കാരനും 3 കോടി ഉറുപ്പികയെങ്കിലും അവർ ഉദ്ദേശിച്ചപ്രകാരം ചെലവു ചെയ്തിട്ടുണ്ടെന്നു സമ്മതിക്കുന്നതായിരിയ്ക്കും.

സംഭാവന ചെയ്യുമ്പോൾ അതു ധർമ്മത്തിനായിട്ടാണെന്നുമാത്രം സങ്കല്പിച്ചു ദാനം ചെയ്യുന്നതായാൽ അതിന്നു ഉദ്ദേശസിദ്ധി വരുന്നതാകുന്നു.

# പട്ടാളക്കാർക്കു സുഖസൌകര്യങ്ങൾ

## മോട്ടോർ വാഹനങ്ങളിലേർപ്പാടുചെയ്ത ക്ലബ്ബുകൾ അല്ലെങ്കിൽ "കാൻറീൻ"



സന്തോഷമായ സൈന്യ സേവനം

വളരെ സമയം ഉൽക്കൊട്ടുകൂടി പോർ ചെയ്ത് വിശ്രമാർത്ഥം പടക്കളം വിട്ടു നാട്ടുകാരുടെ ഇടയിൽ കഴിച്ചുകൂട്ടുവാൻ വരുന്ന യോദ്ധാക്കൾക്ക് എന്തെല്ലാം സുഖസൌകര്യങ്ങൾ നാം ചെയ്തുകൊടുത്തുകൂടാ? രാമരാവണ യുദ്ധത്തിന്നശേഷം, വാനരന്മാർക്കു കുടിപ്പാൻ നദികളും തേനായൊഴുകേണമെന്ന് ശ്രീരാമൻ കല്പിച്ചുവത്രെ! നമ്മുടെ നാടും കുടിയും നശിപ്പിക്കാൻ വരുന്ന ശത്രുവിനെ പോർചെയ്തുകററി നിർത്തിയ ധീരയോദ്ധാവിന്ന് എന്തു ഉപകാരം ചെയ്തുകൊടുത്താലാണ് ന്യായമായ കൃതജ്ഞതാപ്രകടനമാവുകയെന്ന് നിർണ്ണയിപ്പാൻ നമുക്കു സാദ്ധ്യമല്ല. അന്നദാതാ, ഭയത്രാതാ, എന്ന പ്രമാണമനുസരിച്ചു ശത്രുഭയത്തിൽ നിന്ന് നൊമ്മെ ത്രാണനം ചെയ്ത യോദ്ധാവിന്നു നമ്മുടെ അച്ഛന്റെ സ്ഥാനം കൂടി കല്പിക്കുന്നതിൽ തെററില്ല. അച്ഛനോടു നാം കാട്ടുന്ന സ്നേഹബഹുമാനം അവരോടു കാട്ടേണ്ടതാണ്.

ഗവർണ്ണരുടെ വസതിയിലുള്ള അതിഥിസല്ക്കാരശാലയിലാണ് ജോയൻറ് വാർ ചാരിററീസ് കമിററിയുടെ വകയായി പട്ടാളക്കാർക്കു സൽക്കാരങ്ങൾ ചെയ്യാനുള്ള ആഫീസ് നടത്തിവരുന്നതു്. ആയറാഴ്ചയൊഴിച്ചു മററു ദിവസങ്ങളിലെല്ലാം ഇവിടെനിന്നു ഒരു കാൻറീൻ അല്ലെങ്കിൽ മോട്ടോർ വാഹനത്തിലുള്ള ക്ലബ്ബ് പുറപ്പെടുന്നു. ഈ ഏർപ്പാടു മുഴുവൻ വളരെ കാര്യപ്രാപ്തിയുള്ള ഒരു സ്ത്രീയുടെ കയ്യുശമാണ്. ശംപളമില്ലാതെ പ്രവൃത്തി എടുക്കുന്ന ഇവർക്ക് ശംപളം വേണ്ടെന്ന് വെച്ചപോലെതന്നെ പേരും പെരുമയും വേണ്ടെന്നുള്ള അഭിപ്രായമായതിനാൽ അവരുടെ പേര് പുറത്തു വരേണമെന്നാവശ്യമില്ല. എന്നാൽ പേര് പുറത്തു വരേണമെന്നുള്ള മോഹം ഇവർക്കില്ലെങ്കിലും മദിരാശിക്കടുത്ത പ്രദേശങ്ങളിലുള്ള എല്ലാ പട്ടാള ക്യാമ്പുകളിലും ഇവരെ അറിയാത്തവരും ആരും തന്നെയില്ല.

ദിവസേന ഇവർക്കുള്ള പ്രവൃത്തി വളരെ ജാസ്തിയാണ്. തലേദിവസം ഉണ്ടായ വില്പനയുടെ കണക്ക് നോക്കുകയാണ് ആദ്യത്തെ ജോലി. സാധനങ്ങൾ ഓരോന്നും വില്ക്കുന്നതു് ലാഭത്തിനല്ല; വാങ്ങിയ വിലക്കാണ്. ചായയും ലമനേഡും വെറുതെയാണ് പട്ടാളക്കാർക്ക് കൊടുക്കുക. കണക്കു നോക്കിക്കഴിഞ്ഞാൽ മോട്ടോർ വാഹനങ്ങളിൽ സാമാനങ്ങൾ നിറക്കുന്ന ജോലിയായി. സാമാനങ്ങൾ എത്രഎത്ര തരത്തിലുള്ളവയാണെന്നുള്ളതിന്ന് യാതൊരു കണക്കുമില്ല. എന്നാൽ ഈ ചടങ്ങ് വേണ്ടപോലെ ചിട്ടപ്പെടുത്തിയിരിക്കുന്നതിനാൽ യാതൊരു തടസ്ഥമൊ, പരിഭ്രമമൊ ഇല്ലാതെ അതു നടന്നുപോകുന്നു. പട്ടാളക്കാർക്കാവശ്യമുള്ള സർവ്വസാധനങ്ങളും, ബനിയൻ, ചീപ്പ്, ടോർച്ച്, ബട്ടൻസ്, തീപ്പെട്ടി, സിഗററ്, ക്ഷൌരത്തിന്നുള്ള ഉപകരണങ്ങൾ മുതലായവയും, ഈ മോട്ടോർ വാഹനഷാപ്പിൽ വില്പാനുണ്ട്. സാമാനങ്ങൾ ഈ വിധം നിറച്ചുകൊണ്ടിരിക്കുന്നതോടുകൂടിത്തന്നെ ചായ, ലമനേഡ് മധുരപലഹാരങ്ങൾ, ബിസ്കററു മുതലായവ ഉണ്ടാക്കുകയും വേണം.

ഞാൻ ഒരു ഘട്ടത്തിൽ ഇത്തരത്തിലുള്ള ഒരു മോട്ടോർവാഹന ഷാപ്പിൽ കയറി അതിലെ പ്രവൃത്തിക്കാർ തങ്ങളുടെ സൈന്യോപചാരജോലിക്കു പോകുമ്പോൾ അവരുടെ ഒന്നിച്ചു പോകയുണ്ടായി. ഞാൻ പോയ ദിവസം രണ്ടു മോട്ടാർ വാഹനങ്ങൾ ഉണ്ടായിരുന്നു; കാരണം അന്നു രണ്ടു പട്ടാള കേന്ദ്രങ്ങളിൽ ഉപചാരജോലി നടത്തേണ്ടതുണ്ടായിരുന്നു. ഉച്ചതിരിഞ്ഞു കഴിഞ്ഞപ്പോൾ ഞങ്ങൾ പുറപ്പെട്ടു. ആദ്യത്തെ മോട്ടോർ വാഹനം തെളിച്ചിരുന്നതു് മേല്പറഞ്ഞ സ്ത്രീയായിരുന്നു. കുറച്ചു നേരംകൊണ്ടു് പട്ടണംവിട്ടു പുറത്തുചാടി. മദിരാശി പട്ടണത്തിലെ ഉഷ്ണം ഒന്നുകൂടി ആവർത്തിച്ചതായിരുന്നു പുറത്തുള്ള ചൂട്. പൊടിയും അങ്ങിനെതന്നെ. ഞങ്ങൾ ആദ്യമായിട്ടുചെന്നെത്തിയ പട്ടാളകേന്ദ്രത്തിൽ ഞങ്ങളുടെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടുതന്നെയിരുന്നു. ഈ കേന്ദ്രത്തിലെ പട്ടാളക്കാർ പഞ്ചാബികളാണ്. മാസത്തിൽ രണ്ടു തവണ ഈ ക്യാമ്പിൽ മോട്ടോർ ഷാപ്പ് ചെല്ലാറുണ്ട്. പഞ്ചാബികൾ സാധാരണ പട്ടണത്തിൽപോയി സാമാനങ്ങൾ വാങ്ങുന്ന പതിവില്ല. ഒന്നാമതു്, മദിരാശി ഭാഷ ഇവർക്കറിയില്ല. രണ്ടാമതു്, ഷാപ്പുകളിലെ വിലയും ഒട്ടും ആകർഷണീയമല്ല. എന്നാൽ മോട്ടോർവാഹന ഷാപ്പുകളിലെ വില എത്രയോ താണതായിരുന്നു. കുറേ സാമാനങ്ങൾ ഞാൻ തന്നെ വാങ്ങിയെങ്കിലോ എന്നു വിചാരിച്ചു.

പട്ടാളക്യാമ്പിൽ ചെന്ന ഉടനെ വില്പനക്കു സൌകര്യം വരുമാറു് മോട്ടോർവാഹനത്തെ ഒരു ഷാപ്പായി മാററുന്ന കർമ്മമായിരുന്നു നിറവേററേണ്ടതിന്നുണ്ടായിരുന്നതു്. മടക്കിവെക്കാവുന്ന മേശകൾ കാറിൽനിന്നു വലിച്ചെടുത്തു് അവയിന്മേൽ സാമാനങ്ങൾ നിരത്തി. വേറെ കുറേ മേശകളെടുത്തു് നിവർത്തി അവയിന്മേൽ ചായയും ലമനേഡും നിരത്തി. മൂന്നാമതൊരുവക മേശകളിന്മേൽ ജിലേപി, ലഡ്ഡു മുതലായവയും നിരന്നു. പലഹാരങ്ങൾ എത്ര എത്ര തരത്തിലുള്ളവയായിരുന്നുവെന്നു പറവാൻവയ്യ. ഉഷ്ണകാലത്തു വായിൽ വെള്ളംവരുത്തുന്ന ഐസ്ക്രീമുംകൂടിയുണ്ടായിരുന്നു.

കച്ചവടം ആരംഭിച്ചു. ഓരോ പട്ടാളക്കാരനും രണ്ടാഴ്ചക്കു തനിക്കു വേണ്ടതായ സാമാനങ്ങൾ വാങ്ങുവാൻ ഓടിയെത്തി. കച്ചവടം നടക്കുകയാണെന്നു കരുതി വാങ്ങുന്നവരാകട്ടെ വില്പനക്കാരാകട്ടെ തമാശ പറയുന്നതിന്നു യാതൊരു കുറവും വരുത്തിയില്ല. ചുരുങ്ങിയതു മുന്നൂറോളം ആളുകൾ വന്നു സാമാനം വാങ്ങുന്നതു് ഞാൻ തന്നെ എണ്ണിയിരുന്നു. സാമാനങ്ങളുടെ വില്പനയിൽ ഷാപ്പിന്റെ ഉടമസ്ഥന്മാരായ സ്ത്രീകൾ കാണിച്ച വേഗതയും, കൃത്യനിഷ്ഠയും വളരെ കേമംതന്നെയായിരുന്നു.

ആദ്യം ചെന്നെത്തിയ ക്യാമ്പിലെ ജോലി കഴിഞ്ഞപ്പോഴേക്കും നേരം നാലു മണിയായി. അവിടെനിന്നും പുറപ്പെട്ടു് കുറേദൂരം ചെന്നപ്പോഴാണ് വേറെയൊരു ക്യാമ്പ്. ഇവിടെവെച്ചു് രണ്ടാമത്തെ മോട്ടോർ ഷാപ്പിലുള്ള സാമാനങ്ങളും ചെലവാക്കി ഞങ്ങൾ വൈകുന്നേരം പട്ടണത്തിലേക്ക് മടങ്ങിഎത്തി.




പട്ടാളക്കാർക്കു വേണ്ട സാമാനങ്ങൾ പാക്ക് ചെയ്യുന്നു

# മുത്തശ്ശിയുടെ മഹാഭാഗ്യം

ഈ പരിഷ്കരിച്ച ഇരുപതാം നൂററാണ്ടിലും, തീവണ്ടിയും സമുദ്രവും കാണാത്ത അനേകം ജനങ്ങൾ മലബാറിൽ ഇന്നും ഉണ്ടു്. അവരുടെ ജീവിത ദശയിൽ ക്ഷേത്രങ്ങളിൽ നടന്നുവരുന്ന വേലയും പൂരവും മാത്രമാണു് മുഖ്യ സംഭവങ്ങൾ. ഈയാണ്ടിലെ ഉത്സവങ്ങൾ കഴിഞ്ഞാൽ കുട്ടികളെന്നല്ല, തരുണിമാർ തുടങ്ങി മുത്തശ്ശിമാർ വരെ, അവരുടെ സ്വല്പസമ്പാദ്യങ്ങളായ, തവിട്ടു വിററ പണം, വെണ്ണീർ വിററ പണം, മുററമടിച്ച പണം, നെല്ലു കുത്തിയ കൂലി ഇങ്ങിനെയുള്ള ഓരോ തരം സമ്പാദ്യങ്ങളുടെയും, വലിയൊരു പങ്കെടുത്തു വരുന്നാണ്ടിലെ ഉത്സവത്തിന്നു സൂക്ഷിക്കുകയായി. ഈവക സ്ഥലങ്ങളിൽനിന്നു അവർ വാങ്ങുന്നവയെന്താണെന്നുവെച്ചാൽ, പരിഷ്കൃത ലോകത്തിൽ കണ്ടുവരുന്നമാതിരി, ടെന്നീസുബോളോ, ബാറേറാ, എംബ്രോയ്ഡറിവിലോ, ഡിസൈൻബുക്കോ, പൂ തുന്നുന്ന മെഷ്യനോ, ചിത്രങ്ങൾ ശേഖരിച്ചുവെക്കുന്ന ആൽബമോ ഒന്നുമല്ല. വലിയ, വലിയ ഷാപ്പുകളിൽ കൊല്ലപ്പുതുക്കത്തിൽ പഴയ ചരക്കുകൾ സഹായവിലക്കു വില്ക്കുന്നവ വാങ്ങി, കോസറിയും തലയണയും മാത്രം തുന്നിശ്ശീലിച്ചിട്ടുള്ള കുറവർ, തങ്ങളുടെ മനോധർമ്മംപോലെ, തലയണയുറക്കു കയ്യും കഴുത്തും തുന്നിപ്പിടിപ്പിച്ചവിധത്തിൽ ചില കുപ്പായങ്ങൾ തുന്നിക്കൊണ്ടുവരും. കടുംചുകപ്പു നിറത്തിലോ, കടുംമഞ്ഞത്തുണിയിൽ വലിയ, വലിയ കറുപ്പോ ചുകപ്പോ പുള്ളികളുള്ളതായ ഒന്നോ രണ്ടോ കുപ്പായങ്ങളോ, ബ്ലൌസുകളോ, പുളിയിട്ടുതേച്ചു ബാലാർക്കപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന ഒരു ജോടി പിച്ചളവളയോ, ചങ്ങലയോ, അഥവാ രണ്ടോ മൂന്നോ ജോടി കുപ്പിവളകളോ, പിച്ചളക്കമ്പിയിൽ കോർത്ത ഒരു പവിഴമാലയോ ആയിരിക്കും അവരുടെ ഒരു കൊല്ലം മുഴുവൻ അദ്ധ്വാനിച്ചു സൂക്ഷിച്ച പണത്തിന്റെ മഹത്തമേറിയ നേട്ടങ്ങൾ.

ഇത്രക്കുള്ള പരിഷ്കാരങ്ങളും മുത്തശ്ശിയുടെ ചെറുപ്പ കാലങ്ങളിൽ ഉണ്ടായിരുന്നില്ല. എന്നാൽ മുത്തശ്ശി ഇപ്പോഴും ഈ നാറുന്നതും, കീറുന്നതും ആയ സാധനങ്ങൾക്കു അവരുടെ എല്ലു വെള്ളമാക്കി സമ്പാദിച്ച വെള്ളിനാണ്യങ്ങളൊന്നും പാഴായ്ക്കളയുന്നതല്ല. ആദ്യകാലങ്ങളിൽ മുത്തശ്ശിക്കു് കണ്ണുതെളിയെ കാണുവാനുള്ള മുറുക്കും പൊരിയും മാത്രമെ വാങ്ങുവാനുണ്ടായിരുന്നുള്ളു. അവരുടെ സമ്പാദ്യവും അത്രക്കുമാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നു മുത്തശ്ശിക്കും, തവിടിന്നും, ചാമ്പലിന്നും, വെള്ളം കലർത്തിയ പശുവിൻപാലിന്നും വിലയധികം കിട്ടുവാൻ തുടങ്ങിയതോടുകൂടി ആവശ്യങ്ങളും വർദ്ധിച്ചുതുടങ്ങി. ഇന്നു മുത്തശ്ശിക്കു സമ്പാദ്യം ധാരാളമുണ്ടു്. ആണ്ടു മുഴുവൻ അരിഷ്ടിച്ചു സമ്പാദിക്കുന്ന വെള്ളിനാണ്യങ്ങളുടെ സഞ്ചി അവർക്കു എടുത്താൽ പൊങ്ങാത്തവിധം അത്രക്കു ഘനമുള്ളതായിരിക്കുന്നു. പൂരം, വേല മുതലായതിന്റെ അവസാനച്ചടങ്ങായ ആറാട്ടിക്കുടിവെക്കൽ കഴിഞ്ഞു് പിറേറദിവസം ഭഗവതിക്കു് ഉറക്കമെന്നാണു് പറഞ്ഞുവരുന്നതു്. ഉറക്കംദിവസമാണു് മുത്തശ്ശിയുടെ പുറപ്പാടു്. ചെറുപ്പക്കാരെല്ലാം വിനോദങ്ങൾ കാണുവാൻ പൂരത്തിന്നു പോകുമെങ്കിലും പ്രായാധിക്യംനിമിത്തം മുത്തശ്ശിക്കു അതിലൊന്നും ഔത്സുക്യം കാണുന്നില്ല. മുത്തശ്ശി ഉറക്കം ദിവസം വടിയുംകുത്തി മെല്ലെ മെല്ലെ പിച്ചളപാത്രക്കാരനെ സമീപിക്കുന്നു. അവരുടെ ഘനത്ത കിഴി തപ്പിനോക്കി അവർ മന്ദഹസിക്കുന്നു. ആ നാണ്യങ്ങളൊക്കെ മാററി ഘനമില്ലാത്ത കടലാസ്സുനോട്ടുകളാക്കുന്നതായാൽ മുത്തശ്ശിക്കു യാതൊരു ഭാരവുംകൂടാതെ കോന്തലക്കൽ ചുരുട്ടികെട്ടാനെ ഉള്ളു. എന്നാൽ അതൊന്നും മുത്തശ്ശിക്കിഷ്ടമല്ല. തന്റെ സമ്പാദ്യം ഘനമായിത്തന്നെയിരിക്കേണമെന്നാണവരുടെ ശാഠ്യം. പക്ഷെ അധികപ്രസംഗിയായ പാത്രക്കാരൻ അവരുടെ ഈവക സമ്പ്രദായങ്ങളൊന്നും അറിയാതെ ആ ഘനത്ത സഞ്ചിയിലുള്ളതും വിശപ്പു കുടിച്ചുണ്ടാക്കിയതുമായ സമ്പാദ്യങ്ങൾക്കു യാതൊരു മതിപ്പുംകൂടാതെ ഏതോ ചെറിയൊരു പാത്രമെടുത്തു കൊടുക്കുന്നു. തനിക്കെടുക്കുവാൻ സാധിക്കാത്തവിധം അത്രക്കധികം പാത്രങ്ങൾ കിട്ടേണമെന്നാഗ്രഹിച്ചുവന്ന മുത്തശ്ശിയുടെ മുഖം പാത്രക്കാരന്റെ ക്രൂരമൂർത്ത പരുഷവാക്കുകളാൽ വാടിപ്പോകുന്നു. ഇങ്ങിനെയാണു് മുത്തശ്ശിക്കുണ്ടാകുന്ന അനുഭവം. ഒരു സാധാരണ തീവണ്ടിസ്റ്റേഷനായ ഒററപ്പാലം റെയിൽവെ സ്റ്റേഷന്റെ പ്ലാററുഫോറം കണ്ടപ്പോൾ അപ്പോ! വെള്ളക്കാരന്റെ ബുദ്ധിസാമർത്ഥ്യം കണ്ടില്ലേ! വെള്ളക്കാരെപ്പോലെ ബുദ്ധിസാമർത്ഥ്യം ആർക്കാണുള്ളതു്! എന്നു പറഞ്ഞ അമ്മാമൻ ഇപ്പോഴും ഉണ്ടു്. അനാചാരങ്ങളും ശുദ്ധാശുദ്ധങ്ങളും ഇല്ലാതെ ഏകവർണ്ണം ഒന്നു് എന്നുള്ള ഇക്കാലത്തു വീട്ടിലുള്ളവരുടെ നടവടികണ്ടു് മനംമടുത്ത മുത്തശ്ശി, മരിച്ചുപോയവർ എത്ര ഭാഗ്യവാന്മാർ, അവർക്കു് ഈവക അനാചാരങ്ങളൊന്നും കാണേണ്ടിവന്നില്ലല്ലോ എന്നു പറഞ്ഞു് തന്റെ ജീവിതാവധി ദീർഘിച്ചതിനെ പഴിക്കുന്ന മുത്തശ്ശി, മരിച്ചുപോയവർ രാമായണത്തിലോ, ഭാഗവതത്തിലൊ വായിച്ചറിയുകമാത്രംചെയ്യുന്ന വിമാനം തനിക്കു കാണുവാൻ ഭാഗ്യമുണ്ടാക്കിയ ദീർഘായുസ്സിനെ എന്തിനു പഴിക്കുന്നു. സ്വപ്നത്തിലുംകൂടി മുത്തശ്ശി ഒരു വിമാനം കാണുമെന്നു വിചാരിച്ചിരുന്നില്ല. എന്നാൽ ഇപ്പോഴതാ മുത്തശ്ശിയുടെ വൈക്കോൽമേഞ്ഞ എളിയ പുരയുടെ മീതെ അവർക്കു ദർശനം കൊടുക്കുവാൻവേണ്ടിത്തന്നെയോ എന്നു തോന്നുമാറു് വിമാനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പറക്കുന്നു. ആദ്യകാലങ്ങളിൽ മുത്തശ്ശി, ജാപ്പാന്റെ വിമാനമാണു് പിള്ളരെ! പുറത്തു പോകേണ്ടാ, നമ്മളെ ബോമ്പിട്ടു നശിപ്പിക്കും എന്നുംപറഞ്ഞു് കുട്ടികളെയൊക്കെ ആട്ടിത്തെളിച്ചു കന്നുകളെ തൊഴിത്തിലിട്ടടക്കുംപോലെ അകത്താക്കി വാതിലടച്ചു്, താൻ കട്ടിലിന്നു ചുവട്ടിൽപോയി കമിഴ്ന്നു കിടക്കും. പഴക്കം വന്നുതുടങ്ങിയപ്പോൾ അങ്ങേലെ ചെറുപ്പക്കാരുടെ നിർബ്ബന്ധത്താൽ മുററത്തു വന്നുനിന്നു് വിമാനം ഒരുസമയം തലക്കു വീണെങ്കിലോ എന്നു ഭയന്നു രണ്ടു കയ്യും തലക്കുവെച്ചു് മേല്പോട്ടു നോക്കുവാൻ തുടങ്ങി. ഒരു ദിവസം ഒരു പട്ടാളക്കാരൻ, വെള്ളനിറത്തിൽ കാണുന്ന വിമാനങ്ങൾ ജാപ്പാന്റേതാണെന്നു പറഞ്ഞുകൊടുത്തു. അതിന്നുശേഷം മുത്തശ്ശിക്കു പിന്നേയും ഭീതി മുഴുത്തു. വെളുപ്പുനിറത്തിലുള്ള വിമാനം പറക്കുന്നുണ്ടോ എന്നു നോക്കുക പതിവായി. മുത്തശ്ശിയുടെ ഭാഗ്യം നോക്കു, വിമാനത്തിന്റെ ശബ്ദം കേൾക്കുന്ന മാത്രയിൽ മുത്തശ്ശി മുററത്തിറങ്ങി അതിന്റെ നിറം കണ്ടുപിടിക്കുവാൻ ശ്രമിക്കുകയായി. മുമ്പൊക്കെ കറുത്ത വാവിന്നുശേഷം ബാലചന്ദ്രനെ കണ്ടുപിടിക്കുവാൻ തുനിഞ്ഞിരുന്ന അവരുടെ കണ്ണുകൾ ഇപ്പോൾ വിമാനത്തിന്റെ നിറം കണ്ടുപിടിക്കുവാൻ അദ്ധ്വാനിക്കുന്നു. അങ്ങിനെയിരിക്കെ ദേശീയമുന്നണിയിൽ പ്രചാരവേലചെയ്യുന്ന ഒരുകൂട്ടം ചെറുപ്പക്കാർ യദൃച്ഛയാ മുത്തശ്ശിയുടെ അതിഥികളായിത്തീർന്നു. അവർ മുത്തശ്ശിയുടെ ഈ സമ്പ്രദായം കണ്ടു്, വർത്തമാനങ്ങളെല്ലാം ചോദിച്ചറിഞ്ഞതിന്നുശേഷം മുത്തശ്ശിയുടെ അന്ധകാരങ്ങളെല്ലാം പാടേപോയി നശിക്കത്തക്കവിധത്തിൽ ബ്രിട്ടീഷുഗവർമ്മെണ്ടു് നമുക്കുവേണ്ടി ചെയ്യുന്ന ഗുണങ്ങളെല്ലാം സവിസ്തരം പറഞ്ഞുമനസ്സിലാക്കികൊടുത്തു. ആവൂ! മുത്തശ്ശിക്കു ശ്വാസം വീണു. ആശ്വാസമായി. ഇനി ആരു് ആ ജാപ്പ്നീചന്മാരെ ഭയപ്പെടുന്നു? അവരൊക്കെ ബ്രിട്ടീഷുസിംഹത്തിന്റെ മുമ്പിൽപ്പെട്ട എലിക്കൂട്ടങ്ങളാണെന്നവർക്കു ബോദ്ധ്യമായി. മുത്തശ്ശിക്കു മനസ്സമാധാനവുമായി.

മുത്തശ്ശിയുടെ ഭാഗ്യമേ ഭാഗ്യം.



മുത്തശ്ശിക്കു ഇപ്പോൾ ധാരാളമായി കാൺമാൻ സാധിക്കുന്ന വിമാനമാണിതു്. ഇതുവരെ രാമായണത്തിൽ പറഞ്ഞുകേട്ട പുഷ്പക വിമാനത്തെപ്പററി മനസ്സുകൊണ്ടൂഹിക്കാനെ ഇവർക്കു സാധിച്ചിരുന്നുള്ളു.

# പ്രതികാരം

(ശ്രീ ചേലനാട്ടു പത്മനാഭൻ, ബി.എ.)

ആ ആറുവക്കത്ത്, അവർ താമസം തുടങ്ങി ഒരു വ്യാഴവട്ടമെ ആയിട്ടുള്ളു. 'മുത്തശ്ശി' എന്ന പരാഭിധാനത്താലല്ലാതെ, അവരുടെ പേരും, വീട്ടുപേരും അന്നാട്ടുകാർക്കു ഇന്നും അജ്ഞാതമായിട്ടാണിരിക്കുന്നതു്. പക്ഷെ ഈ ചുരുങ്ങിയ കാലത്തിന്നുള്ളിൽ മുത്തശ്ശി അന്നാട്ടുകാരുടെ ആരാദ്ധ്യവൃദ്ധയായിത്തീർന്നു: മാതൃകാ വനിതയായിത്തീർന്നു

യുദ്ധം പ്രഖ്യാപിച്ചു. താൻ ഏകാകിനിയായിത്തീരുമെന്നുള്ള വസ്തുത നിസ്സാരമാക്കി പുത്രനേ വിളിച്ചു, മുത്തശ്ശി പറഞ്ഞു: "മകനെ! നിന്നെ ഇപ്പോൾ രാജ്യത്തിന്നാണു് എന്നെക്കാൾ അത്യാവശ്യം. സ്വരാജ്യ സേവനത്തിൽ എന്റെ മകനും മുന്നിട്ടു പ്രവർത്തിക്കുന്നുണ്ടെന്നുള്ള വാർത്ത എന്നെ കൃതകൃത്യയാക്കും. പടക്കളത്തിൽനിന്നു പിന്തിരിഞ്ഞു വീട്ടിലേക്കു മടങ്ങുന്ന ഭീരുവായ പുത്രനാണു് എന്റേതു, എങ്കിൽ, അവന്നു ഇവിടെ സ്ഥാനമുണ്ടായിരിക്കയില്ല, എന്നു നിണക്കു പറഞ്ഞു തരേണ്ടല്ലോ." മുത്തശ്ശി പുത്രനെ അനുഗ്രഹിച്ചു. ആറുവക്കുവരെ അനുഗമിച്ചു. കാഴ്ചയിൽനിന്നു മറയുന്നവരെ നോക്കിനിന്നു.

രണ്ടു പ്രാവശ്യം മാവു പൂത്തു. മുത്തശ്ശിക്കു തപാൽക്കാരനെ പ്രതീക്ഷിച്ചിരുന്ന മനസ്സു മടുത്തു.

പതിവിന്നു വിപരീതമായി, അന്നുണ്ടു തപാൽക്കാരൻ പടികടന്നു വരുന്നു. തന്റെ കൈയിലെ കെട്ടു പരിശോധിച്ചു, ഒരെഴുത്തു തിരഞ്ഞെടുത്തു മുത്തശ്ശിക്കു കൊടുത്തു. ഒരു സാമ്രാജ്യം നല്കിയ ആനന്ദമായിരുന്നു മുത്തശ്ശിക്കു ആ എഴുത്തു കിട്ടിയപ്പോൾ ഉണ്ടായതു്. പക്ഷെ.... മുത്തശ്ശിയുടെ മുഖം എഴുത്തുവായിച്ചതോടുകൂടി മ്ലാനമായി. കണ്ണുകളിൽനിന്നശ്രുകണങ്ങൾ തുടരെത്തുടരെ വീണു. മുത്തശ്ശി തല താഴ്ത്തി ഭൂനിലത്തുനോക്കി ശിലപോലിരുപ്പായി.

ജർമ്മൻസൈന്യങ്ങൾ തള്ളിക്കയറി. കോകിലാദികളുടെ കളകൂജനത്താൽ മുഖരിതമായിരുന്ന ശാന്ത ഗ്രാമീണാന്തരീക്ഷം പട്ടാളക്കാരുടേ അട്ടഹാസങ്ങൾ കൊണ്ടും, വെടിശബ്ദം കൊണ്ടും മുഖരിതമായി. അത്ര ക്ലേശിച്ചു കൈവന്ന വിജയത്തിൽ അവർ അത്യധികം ആഹ്ലാദിക്കുവാൻ തീർച്ചയാക്കി. ഓരോരുത്തരും കർഷകന്മാരുടേയും, മററുള്ള ഗ്രാമവാസികളുടെയും അതിഥികളായിരിക്കണമെന്നു ഒരു സുഗ്രീവാജ്ഞ സൈനികതലവൻ പുറപ്പെടുവിച്ചു...... മുത്തശ്ശിക്കു അന്നു മുതല്ക്കു നാലുപേർ അതിഥികളായി. മുത്തശ്ശിയുടെ ഭാഗ്യാതിരേകമെന്നു പറയട്ടെ, അവർ ജർമ്മൻ ഭടന്മാരുടേ ക്രൂരത പ്രദർശിപ്പിച്ചിരുന്നില്ല. രാവിലെ നദിയിൽ പോയി വെള്ളമെടുക്കുവാനും, കുററിക്കാട്ടിൽ പോയി മുയലുകളെ പിടിച്ചുകൊണ്ടുവരുവാനും, അവർ ഒരുമ്പെട്ടു. മദ്ധ്യാഹ്നം അവർ മുത്തശ്ശിയുടെ ചുററുമിരുന്നു ഓരോ ചോദ്യങ്ങൾ ചെയ്യും. "മുത്തശ്ശി! മുത്തശ്ശിയുടെ മകനേതു പട്ടാള വിഭാഗത്തിലാണു?" ഒരു ദിവസം ഒരാൾ ചോദിച്ചു. മുത്തശ്ശിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. തങ്ങളുടെ മാതാക്കന്മാരെ അവർ ഓർത്തു. അവർ മുത്തശ്ശിയുടെ ഹൃദയവ്യഥ മനസ്സിലാക്കി, പിന്നീടു ആ ചോദ്യം ചെയ്തിട്ടില്ല.

"ഇന്നു രാത്രി ഗംഭീരമായ ഒരു സദ്യ യുണ്ടെന്നു തോന്നുന്നു." ഒരാൾ പറഞ്ഞു. "മുത്തശ്ശിക്കു പതിവില്ലാത്ത ചൊടിയും, ചുണയും കാണുന്നു. നോക്കു! മുത്തശ്ശി അതാ ആ കോഴിയുടെ പിന്നിൽ ഓടുന്നു." "ഒരുപക്ഷെ ഇന്നായിരിക്കാം മുത്തശ്ശിയുടെ മകന്റെ പിറന്നാൾ" എല്ലാവരും ഈ അഭിപ്രായത്തോടു യോജിച്ചു. "നോക്കു......നോക്കു" ഒരുവൻ ചൂണ്ടിക്കാട്ടി പറഞ്ഞു. "മുത്തശ്ശി അതാ, പിടക്കുന്ന ആ കോഴിയെ മുറുകെ പിടിച്ചു നിലത്തു വീണു കിടക്കുന്നു." "എടോ! കോഴിയുടെ തല എങ്ങോ തെറിച്ചിരിക്കുന്നു. എന്നിട്ടാണു്." "എന്തായാലും, ഓടിവരുവിൻ! എന്തോ അത്യാഹിതം അവിടെ നടന്നിട്ടുണ്ടു്." അവർ ഓടിച്ചെന്നു. മുത്തശ്ശിയുണ്ടു ചോര പുരണ്ട കത്തി വലതുകയ്യിൽ മുറുകെ പിടിച്ചു അടുത്ത മരത്തിൽ ചാരിക്കിടന്നു എന്തോ ചില അവ്യക്താക്ഷരങ്ങൾ പുറപ്പെടുവിക്കുന്നു. "......അതെ...... പാപം...... ഈ......കോഴിയെപ്പോലെ ......രക്തം വാർന്നു......തല ചാച്ചു.... അവനും....അവനും......അന്തിമ പ്രാർത്ഥനകൂടെ നടത്താതെ......ഹാ! .... ഇല്ല ....മകനെ. ആശ്വസിക്കു ....അമ്മക്കറിയാം....എന്താണു .... പ്രവർത്തിക്കേണ്ടതെന്നു." പട്ടാളക്കാർ മുത്തശ്ശിയെ അകത്തുകൊണ്ടുപോയി കിടത്തി ശീതളോപചാരങ്ങൾ ചെയ്തു. അല്പനിമിഷങ്ങൾക്കു ശേഷം മുത്തശ്ശിക്കു സുഖമായി. നേരംമ്പോക്കിന്നായി ഒരു ഭടൻ കാക്കയുടെ പിന്നാലെ പറന്നു ചെല്ലുന്ന കറുത്ത പക്ഷിയെ ചൂണ്ടിക്കാട്ടി പറഞ്ഞു: "കുട്ടികളെ കൊത്തിതിന്നതിന്നു ശേഷംചോദിക്കുവാൻ അവ കൃശാകാരന്മാരെങ്കിലും കാകന്റെ പിന്നിൽ പറന്നു ചെല്ലുന്നില്ലേ?"........ ആ ദർശനം മുത്തശ്ശിക്കു ഒരു നവോദയമുണ്ടാക്കി. മുത്തശ്ശി മന്ദഹസിച്ചു." .... "വരുവിൻ! ഭക്ഷണം തെയ്യാറായിരിക്കുന്നു." എല്ലാവരും ഭക്ഷണത്തിന്നിരുന്നു.

"മരം കോച്ചുന്ന മഞ്ഞ്." മുത്തശ്ശി പറഞ്ഞു: "നിങ്ങൾ ഇന്നു മുകളിൽ കിടക്കുകയായിരിക്കും ഉത്തമം." അവർക്കു അതു സമ്മതമായിരുന്നു. അവർ കിടക്കുവാനൊരുങ്ങുകയാണ്. "അല്ല" മുത്തശ്ശി നിശ്ശബ്ദത ഭഞ്ജിച്ചു. "നിങ്ങൾ വന്നു ഒരു മാസമാവാറായി. ഇനിയും നിങ്ങളുടെ പേരെന്തെന്നോ, രാജ്യമേതെന്നോ നിങ്ങൾ പറഞ്ഞില്ലല്ലോ." ഒരൊററശ്വാസത്തിൽ മുത്തശ്ശി പറഞ്ഞു. അവരെല്ലാവരും തങ്ങളുടെ, തങ്ങളുടെ, പേർ കുറിച്ച കടലാസുതുണ്ടുകൾ മുത്തശ്ശിക്കു നല്കി.

എല്ലാവരും ഉറക്കമായി. മുത്തശ്ശി നിശ്ശബ്ദമായി തട്ടിൻ മുകളിലേക്കുള്ള കോണിയെടുത്തു. അടുത്തുള്ള വൈക്കോൽ 'കുണ്ടയിലെ' വൈക്കോലെല്ലാമെടുത്തു അകത്തു നിറച്ചു. വീണ്ടും ശ്രദ്ധിച്ചു. 'ഖർ! ഖർ! ഖർ!' എന്ന ശബ്ദം മാത്രമെ കേൾക്കാനുള്ളു. അവർക്കു നല്ല ഉറക്കമാണെന്നു മുത്തശ്ശിക്കു ബോദ്ധ്യമായി കത്തിയിരുന്ന വിളക്കു വൈക്കോലിൻ നടുവിലേക്കിട്ടു.

അരനിമിഷത്തിന്നുള്ളിൽ കുടിലിന്നകത്തു തീ, ആളിക്കത്തുവാൻ തുടങ്ങി. അതു നിമിഷം പ്രതി വർദ്ധിച്ചുവന്നു. ധൂമപടലങ്ങൾ ആകാശത്തോളമുയർന്നു. കുടിൽ ഒരുജ്ജ്വല അഗ്നികുണ്ഡമായിത്തീർന്നു. ദാരുണമായ ചില ശബ്ദങ്ങൾ അകത്തുനിന്നു കേട്ടു.......കിഴക്കു ചുകന്നുവരുവാൻ തുടങ്ങി. അതാ: മേല്പുരയും വീണു. കത്തിയെരിഞ്ഞ കുടിലിൻ അവശിഷ്ടങ്ങൾ അന്തരീക്ഷത്തിൽ പറപ്പിച്ചുകൊണ്ടു വെട്ടെന്നൊരു ധൂമപടലം ആകാശത്തേക്കുയർന്നു.

എങ്ങും തീപ്പൊരി:

അയൽപ്രദേശങ്ങളിൽനിന്നു കോഴി കൂകാതിരുന്നില്ല. കുടിലിന്റെ സ്ഥിതിയറിവാനുൾക്കണ്ഠയാലൊ എന്തോ സൂർയ്യനും കുന്നിൻപാർശ്വത്തിൽനിന്നുയർന്നു, യർന്നു വന്നു. മുത്തശ്ശിയുണ്ടു അനക്കമില്ലാതെ, മകന്റെ പഴയ തോക്കുമായി പുറത്തു പാറാവുകാരനെന്നോണം നില്ക്കുന്നു. തന്റെ കൃത്യം അവസാനിച്ചു എന്നു ബോദ്ധ്യമായപ്പോൾ തോക്കും അവൾ അഗ്നിയിലേക്കെറിഞ്ഞു. തോക്കിന്റെ പ്രാണനും ഒരു ഹുങ്കാരത്തോടെ ബഹി:ർഗമിച്ചു.

കണ്ണാകണ്ണികയാ, വൃത്താന്തം ഗ്രാമത്തിലെങ്ങും പരന്നു. ജനങ്ങൾ വന്നു നിറഞ്ഞു. കർഷകന്മാരും, പട്ടാളക്കാരും: ഒരു മരത്തടിയിൽ, ശാന്തയായി സമാധാനത്തോടുകൂടി മുത്തശ്ശിയിരിക്കുന്നതു അവർ കണ്ടു. ഒരു ജർമ്മൻ പട്ടാള ഉദ്യോഗസ്ഥൻ ചോദിച്ചു:

"പട്ടാളക്കാർ എവിടേ?"

"അതാ, അതിന്നടിയിൽ" മുത്തശ്ശി അഗ്നികുണ്ഡത്തെ ചൂണ്ടിക്കാട്ടി ദൃഢസ്വരത്തിൽ പറഞ്ഞു. പട്ടാളക്കാർ മുത്തശ്ശിയേ വളഞ്ഞു.

"തീ എങ്ങനെ പുറപ്പെട്ടു" അവർ എട്ടു ദിക്കും മുഴങ്ങുമാറ് ഉച്ചത്തിൽ ചോദിച്ചു. "ഞാൻ തീ വെച്ചു." അവർ, ഈ സമാധാനം പ്രതീക്ഷിച്ചിരുന്നില്ല. ഈ അത്യാഹിതം മുത്തശ്ശിയേ ഉന്മാദയാക്കിയെന്നു ഏവരും സംശയിച്ചു കർഷകന്മാർ ദയാമസൃണമായ ദൃഷ്ടിയോടുകൂടി മുത്തശ്ശിയെ നോക്കി. "അതെ, ഞാൻ തന്നെ" മുത്തശ്ശി വീണ്ടും പറഞ്ഞു. "ഇതാ, ഈ കടലാസ്സു ചുരുൾ നോക്കുവിൻ. എനിക്കു തപാൽ ശിപായി, കഴിഞ്ഞകൊല്ലം കൊണ്ടുവന്ന കടലാസുമുണ്ടും. എന്റെ മകൻ . . . . . എന്റെ മകൻ . . മരിച്ചു ഇന്നേക്കു ഒരു കൊല്ലമായി . . . ശുശ്രൂഷാവിഹീനനായി, നിരാലംബനായി നിർദ്ദയം രക്തപ്പുഴയിൽ കിടന്നു മരിച്ച വാർഷിക ദിനമാണു് ഇന്നു്. . . . . എന്റെ പുത്രന്നു ശാന്തി വേണമെങ്കിൽ, അവന്നു സുഖനിദ്ര കൈവരേണമെങ്കിൽ അവന്റെ മാതാവിന്റെ ഈ പ്രതികാരം വേണം." വീണ്ടുമൊരു നിശ്ശബ്ദത. മുത്തശ്ശി ഒരു പൈശാചിക ചിരിചിരിച്ചു. "ഹേ പട്ടാളമേധാവി, ഈ കടലാസ്സിൽ മരിച്ചവരുടെ പേരും, വിലാസവുമുണ്ടു്. ഇന്നു തന്നെ അവരുടെ മരണവൃത്താന്തം അവരുടേ ബന്ധുക്കളെ അറിയിക്കുക. അയാൾ മരിച്ച രീതിയും ഞാനാണു് കൊന്നതു എന്നും അറിയിക്കുവാൻ മറക്കരുതു്."

ഉദ്യോഗസ്ഥൻ അപരിചിതമായ ഭാഷയിൽ എന്തോ കല്പിച്ചു. പട്ടാളക്കാർ മുത്തശ്ശിയെ ചുട്ടുപഴുത്ത ചുമരിലേക്കുന്തിയിട്ടു. പന്ത്രണ്ടുപേർ വരിയായി അണി നിരന്നു. മുത്തശ്ശിക്കു അവരുടെ അന്തർഗ്ഗതം മനസ്സിലായിരുന്നു. മുത്തശ്ശി അനങ്ങിയില്ല. മുത്തശ്ശി നിവർന്നുനിന്നു.

മറെറാരു കല്പന അവിടെ മാറെറാലികൊണ്ടു. അതോടൊന്നിച്ചു പന്ത്രണ്ടു തോക്കിന്റെ ഒന്നിച്ചു പൊട്ടലും. മുത്തശ്ശി രണ്ടായി മുറിഞ്ഞു വീണു. മുത്തശ്ശി മരിച്ചിരുന്നു. എങ്കിലും കൈവിരലുകൾക്കിടയിൽ ഒരു കടലാസു ചുരുളുണ്ടായിരുന്നു. പട്ടാളക്കാർ അതെടുത്തു വായിച്ചു. "മകനെ! ഇനി നിണക്കു സുഖമായുറങ്ങാം. നിണക്കു വേണ്ടിയ ഉദകക്രിയ നിന്റെ അമ്മ, നിന്റെനാലു ശത്രുക്കളെ ഹോമിച്ചു നിർവ്വഹിച്ചിരിക്കുന്നു."

സഖ്യസൈന്യങ്ങൾ ആ രാജ്യത്തു വിജയവൈജയന്തി പറപ്പിച്ചപ്പോൾ, ആ ഗ്രാമക്കാരുടെ ആവശ്യപ്രകാരം ആ കുടിൽനിന്ന സ്ഥലത്തു മുത്തശ്ശിയുടെ സ്മാരക മണ്ഡപം തീർക്കാതിരുന്നില്ല.

## ഐക്യകക്ഷി സൈന്യ ഉദ്യോഗസ്ഥന്മാരുടെ വകുപ്പുകൾ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| UNITED STATES ARMY | | General | Lieut. General | Major General | Brigadier General | Colonel (Silver) | Lieut. Colonel (Silver) | Major (Gold) | Captain (Silver) | First Lieut. (Silver) | Second Lieut. (Gold) |
| UNITED STATES NAVY | | Admiral | Vice Admiral | Rear Admiral | Commodore | Captain | Commander | Lt. Commander | Lieut. | Lieut. (J.G.) | Ensign |
| BRITISH ARMY | Field Marshall | General | Lieut. General | Major General | Brigadier | Colonel | Lieut. Colonel | Major | Captain | Lieut. | Second Lieut. |
| BRITISH NAVY | Admiral of Fleet | Admiral | Vice Admiral | Rear Admiral & Commodore 1st Class | Commodore 2nd. Class | Captain | Commander | Lt. Commander | Lieut. | Sub-Lieut. or Commissioned Warrant Officer | Warrant Officer |
| RAF | Marshall of R.A.F. | Air Chief Marshall | Air Marshall | Air Vice Marshall | Air Commodore | Group Captain | Wing Commander | Squadron Leader | Flight Lieut. | Flying Officer | Pilot Officer |
| CHINESE ARMY | | General | Lieut. General | Major General | | Colonel | Lieut. Colonel | Major | Captain | First Lieut. | Second Lieut. |
| CHINESE AIR FORCE | | General | Lieut. General | Major General | | Colonel | Lieut. Colonel | Major | Captain | First Lieut. | Second Lieut. |

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.